18
2024
ഏപ്രിൽ
വ്യാഴം
മേടം 6

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ് കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം | Thiruvananthapuram | web: www. nauticaltimesmedia.com | Volume-5, Issue No.168 Page 4, | Price: Rs. 2 | പുസ്തകം-5 ലക്കം-168 | പേജ് 4. വില 2.00 രൂപ




02 എക്സാലോജിക് ഇടപാടിൻറെ പൂർണരേഖകൾ കൈമാറുന്നില്ലെന്ന് ഇഡി
03 ഇക്കുറി തിരഞ്ഞെടുപ്പ് ഭിന്നശേഷി സൗഹൃദം; തുണയായി സാക്ഷം ആപ്പ്
04 പോസിറ്റീവ് ചിന്തകൾ നിറയട്ടെ

# ഫിഷിംഗ് ഗ്രൗണ്ടിൽ രാജീവ് ചന്ദ്രശേഖർ

**യേശുദാസ് വില്യം**

തിരുവനന്തപുരം: തിരുവനന്തപുരത്തെ രാഷ്ട്രീയ കടലിൽ മീൻ പിടിക്കുവാനിറങ്ങിയ രാജീവ്ചന്ദ്രശേഖറിന് ആദ്യം തന്നെ 'ഫിഷിംഗ് 'ഗ്രൗണ്ട് കണ്ടെത്തുവാനായി. ഗ്രൗണ്ട് കണ്ടെത്തുക എന്നതാണ് മൽസ്യബന്ധനത്തിലെ സുപ്രധാന കാര്യം.പന്ന്യൻ രവീന്ദ്രനും, ശശിതരൂരും, വലിയ ക്യാച്ചിംഗ് നടത്തിയ ഈ കടലിലാണ് രാജീവ് ചന്ദ്രശേഖർ കേന്ദ്രം കേരളത്തിനു നൽകിയ ആധുനീക ഫിഷിംഗ് ട്രോളറിൽ ഫിഷിംഗിനിറങ്ങിയത്.മണ്ഡലത്തിലെ പാറശ്ശാല,കോവളം,നെയ്യാറ്റിൻകര തുടങ്ങിയ പതിവ് ഫിഷിംഗ് ഗ്രൗണ്ടുകളിൽ നിന്നും തുടരെ തുടരെ ചാകരക്കോളുകൾ വാരിയെടുത്ത ശശിതരൂരിന്റെ ബോട്ടിന് ഇപ്പോൾ വേഗത പോരാകാരണം ഓടുന്ന മീനിനെ പിന്നാലെ ചെന്നു വലയിലാക്കുന്ന സാങ്കേതികവിദ്യ അതിലില്ല.എന്നാൽ തീരത്തേക്കുവരുന്ന മൽസ്യത്തെ മാത്രം പിടിച്ചു ശാന്തമായി മുന്നേറുന്ന രീതിയാണ് പന്ന്യൻ രവീന്ദ്രന്റേത്.



കേരളത്തിന്റെ തെക്കൻ കടലിന് ഒരുപാട് പ്രത്യേകതകളുണ്ട്.ലോകത്തിലേക്കും ആഴം കൂടുതൽ ഇവിടുത്തെ കടലിനുണ്ട്.സഹ്യ പർവ്വതം പോലെ തന്നെ കടലിനടിയിൽ പാറക്കെട്ടുകളും പവിഴപ്പുറ്റുകളുമുണ്ട്.ലോകത്തെ ഏറ്റവും വൈവിധ്യവും രുചികരവുമായ മൽസ്യങ്ങളുടെ ശേഖരമുള്ള 'ഫിഷ് ബാങ്ക്' ഇവിടെ തന്നെ.കടലറിയാത്തവൻ വലയിറക്കിയാൽ അടിത്തട്ടിലെ കല്ലിലിടിച്ചു വലകൾ കീറും.ഇതുപോലെ സങ്കീർണ്ണമാണ് ഇവിടുത്തെ വോട്ടു ബാങ്കുകളും.മുൻകാലങ്ങളിൽ നെയ്യാറ്റിൻകര,പാറശ്ശാല,കോവളം തുടങ്ങിയ പ്രദേശങ്ങളിലെ വോട്ടുകൾ കോൺഗ്രസ് വലയിലായിരുന്നു കയറിയിരുന്നത്.എന്നാൽ നിയമസഭയിൽ ഇടതുപക്ഷത്തോടു കൂടുതൽ ചേർന്നു നിന്നു.കടലാക്രമണവും,കെടുതികളും ആവാസവ്യവസ്ഥയും തകരുമെന്ന ആശങ്കയിൽ ഒരു മരവിപ്പ് ഈ മേഖലയിലുണ്ട്.

അവിടെയെല്ലാം കടന്നുകയറ്റം നടത്തുകയാണ് രാജീവ് ചന്ദ്രശേഖർ.പൊഴിയൂർ മുതൽ വർക്കല കുന്നുവരെ നീണ്ടുകിടക്കുന്ന ആഴക്കടലിൽ രാജീവ്ചന്ദ്രശേഖർ 'ഗുജറാത്ത് വല' ഇറക്കിയാണ് മൽസ്യബന്ധനം നടത്തുന്നത്.കേരളതീരത്ത് ഈ വല വ്യാപകമാവുന്നതേയുള്ളു.ഇതിന്റെ പ്രത്യേകത വലയിൽ കയറുന്ന മൽസ്യങ്ങൾ ഒന്നും പിന്നെ പുറത്തു പോകില്ല.കൈവലയിൽ വലിയ വലിപ്പമുള്ള കണ്ണികളും താഴോട്ട് കുറഞ്ഞു കുറഞ്ഞും നെയ്തെടുക്കുന്ന വല കടലിലെ കല്ലുകളിൽ തട്ടിയാൽ കീറാതെ മുറിയാതെ മുമ്പോട്ടുപോകും.റബ്ബർ ബുഷുകളും,കാസ്റ്റ് അയണിന്റെ വെയിറ്റുകളും ഘടിപ്പിച്ച വല കേരളത്തെ കടലിൽ മൽസ്യം പിടിക്കുന്നതിനായി അനുയോജ്യമാണ്.മണ്ഡലത്തിന്റെ തീരപ്രദേശത്തും,ടെക്കികളുടെ സ്വപ്നലോകത്തും രാജീവ് ചന്ദ്രശേഖർ വലവിരിച്ചുകഴിഞ്ഞു.തീരത്തു ഇൻക്ലൂസിവ് ഡവലപ്മെന്റും, ഫിഷറീസ് മന്ത്രാലയവും,സുരക്ഷിതത്വവും,ക്ഷേമവും പറയഞ്ഞു മുന്നേറുമ്പോൾ ടെക്കികൾക്ക് പുതിയൊരു ലോകം തുറക്കുമെന്നും രാജീവ്ചന്ദ്രശേഖർ പറയുന്നു.

## കേരള സർവകലാശാലയിലെ ജോൺ ബ്രിട്ടാസിന്റെ പ്രസംഗം; തെര. കമ്മീഷൻ വിശദീകരണം തേടി

തിരുവനന്തപുരം: വൈസ് ചാൻസിലറുടെ വിയോജിപ്പ് മറികടന്ന് കേരള സർവകലാശാലയിലെ ജോൺ ബ്രിട്ടാസ് എംപിയുടെ പ്രഭാഷണത്തിൽ തെരഞ്ഞെടുപ്പ് കമ്മീഷൻറെ ഇടപെടൽ. സംഭവത്തിൽ സർവകലാശാല രജിസ്ട്രാറോട് തെരഞ്ഞെടുപ്പ് കമ്മീഷൻ വിശദീകരണം തേടി.

യൂണിവേഴ്സിറ്റി എംപ്ലോയീസ് യൂണിയൻ പരിപാടിയുടെ ഭാഗമായ ഇന്ത്യൻ ജനാധിപത്യം വെല്ലുവിളികളും കടമകളും എന്ന വിഷയത്തിലെ ജോൺ ബ്രിട്ടാസിൻറെ പ്രസംഗം വിസി വിലക്കിയിരുന്നു. തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം ചൂണ്ടിക്കാട്ടിയാണ് വിസി നടപടി സ്വീകരിച്ചത്.

എന്നാൽ വിലക്ക് ലംഘിച്ച് പരിപാടിയുമായി മുന്നോട്ട് പോകാനായിരുന്നു സംഘാടകരുടെ തീരുമാനം. തുടർന്ന് ബ്രിട്ടാസ് നടത്തിയ പ്രസംഗത്തിൽ വിസിക്കെതിരെയും പരാമർശമുണ്ടായിരുന്നു.

## പട്ടം എസ് യു ടി ആശുപത്രിയിൽ ജനറൽ സർജറി വിഭാഗം മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുന്നു

തിരുവനന്തപുരം: എസ്‌യുടി ആശുപത്രിയുടെ ജനറൽ സർജറി വിഭാഗത്തിന്റെ നേതൃത്വത്തിൽ ഏപ്രിൽ 19, 20 (വെള്ളി ശനി) തീയതികളിൽ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുന്നു. മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്ന ആദ്യത്തെ 50 പേർക്ക് സൗജന്യ കൺസൾട്ടേഷനും, ഇളവുകളോടെ രോഗനിർണ്ണയ ടെസ്റ്റുകളും, പ്രത്യേക സർജറി പാക്കേജും ലഭ്യമാക്കുന്നു. ജനറൽ സർജറി വിഭാഗം ഡോക്ടർമാരുടെ നേതൃത്വത്തിലാണ് ക്യാമ്പ് സംഘടിപ്പിക്കുന്നത്. വേരിക്കോസ് വെയിൻ, ഹെർണിയ, പൈൽസ്, ഫിഷർ, ഫിസ്റ്റുല, പൈലോനിടൽ സൈനസ്, ശരീരത്തിന്റെ പല ഭാഗത്തും ഉണ്ടാകുന്ന മുഴകൾ എന്നിവയുടെ രോഗനിർണ്ണയവും അത്യാധുനിക ലേസർ പ്രോക്ടോളജി ചികിത്സയുമാണ് ക്യാമ്പിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. വിശദവിവരങ്ങൾക്ക് 7902793097, 9745964777 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

## പലസ്തീൻ അനുകൂല പോസ്റ്റർ നശിപ്പിച്ച സംഭവം; വിദേശ വനിതകൾക്കെതിരേ കേസ്

കൊച്ചി: പലസ്തീൻ അനുകൂല പോസ്റ്റർ നശിപ്പിച്ച വിദേശ വനിതകൾക്കെതിരെ കേസ്. ഓസ്ട്രേലിയൻ വംശജരായ രണ്ട് ജൂത വനിതകൾക്കെതിരേ ഫോർട്ട് കൊച്ചി പോലീസാണ് കേസെടുത്തത്.

ഇരുവിഭാഗങ്ങൾ തമ്മിൽ സ്പർധ സൃഷ്ടിക്കുന്ന പ്രവൃത്തിയുടെ പേരിലാണ് കേസ്. ആവശ്യമെങ്കിൽ ഇരുവരെയും കോടതിയിൽ ഹാജരാക്കും. ഇവർ താമസിക്കുന്ന സ്ഥലത്ത് പോലീസിൻറെ നിരീക്ഷണത്തിലാകും ഇരുവരുമെന്ന് പോലീസ് അറിയിച്ചു.

തിങ്കളാഴ്ച വൈകിട്ടാണ് സ്റ്റുഡൻറ്സ് ഇസ്‌ലാമിക് ഓർഗനൈസേഷൻ സ്ഥാപിച്ച പോസ്റ്റർ വനിതകൾ നശിപ്പിച്ചത്. സംഭവത്തിൽ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് എസ്ഐഒ പ്രവർത്തകർ പ്രതിഷേധിച്ചിരുന്നു. പിന്നാലെയാണ് പോലീസിൻറെ നടപടി.

## കേരളത്തിലേക്ക് ആദ്യ ഡബിൾഡക്കർ ട്രെയിൻ; പരീക്ഷണയോട്ടം ഇന്ന്

പാലക്കാട്: കേരളത്തിലെ ആദ്യത്തെ ഡബിൾ ഡക്കർ ട്രെയിൻ സർവീസിന് ഇന്ന് പരീക്ഷണയോട്ടം. കോയമ്പത്തൂർ കെഎസ്ആർ ബംഗളൂരു ഉദയ് എക്സ്പ്രസ് പാലക്കാട്ടേക്ക് നീട്ടുന്നതിൻറെ ട്രയൽ റൺ ആണ് നടക്കുന്നത്.




ഉദയ് എക്സ്പ്രസ് സീരീസിലെ ആദ്യ ഡബിൾഡക്കർ എസി ചെയർകാർ ട്രെയിനാണിത്. ട്രെയിൻ സർവീസ് പളനി വഴി പൊള്ളാച്ചിയിലേക്കും കിനത്തൂകടവിലേക്കും നീട്ടണമെന്ന യാത്രക്കാരുടെ ആവശ്യത്തിനിടെയാണ് പരീക്ഷണയോട്ടം.

ബംഗളൂരുവിലും സമീപയിടങ്ങളിലും ജോലി ചെയ്യുന്ന കിനത്തൂകടവിൽ നിന്നുള്ള ഐടി, ഐടിഇഎസ് ജീവനക്കാർക്കും പൊള്ളാച്ചി, ഉദുമൽപേട്ട, പളനി നിന്നുള്ള കച്ചവടക്കാർക്കും സേവനത്തിൻറെ ഗുണം ലഭിക്കും. നേരിട്ടുള്ള ട്രെയിൻ സർവീസ് ഇല്ലാത്തതിനാൽ പൊള്ളാച്ചി, ഉദുമൽപ്പേട്ട, പളനി ഭാഗങ്ങളിൽ നിന്നുള്ള യാത്രക്കാർ കോയമ്പത്തൂർ, തിരുപ്പൂർ, ദിണ്ടിഗൽ എന്നിവിടങ്ങളിലെത്തിയാണ് നിലവിൽ ബംഗളൂരുവിലേക്ക് പോകുന്നത്.

ഡബിൾ ഡക്കർ ട്രെയിൻ ബുധനാഴ്ച രാവിലെ എട്ടിന് കോയമ്പത്തൂരിൽ നിന്നും പുറപ്പെട്ട് 10.45ന് പാലക്കാട് ടൗണിലും 11.05ന് പാലക്കാട് ജംഗ്ഷനിലും എത്തും. തിരികെ 11.35ന് പുറപ്പെട്ട് 2.40ന് കോയമ്പത്തൂരിലെത്തി പരീക്ഷണയോട്ടം അവസാനിപ്പിക്കും.

ദക്ഷിണറെയിൽവേയുടെ സേലം, പാലക്കാട് ഡിവിഷനുകൾ ചേർന്നാണ് പരീക്ഷണയോട്ടം നടത്തുന്നത്. നിലവിൽ ട്രെയിൻ സമയത്തെക്കുറിച്ച് അന്തിമ തീരുമാനമായിട്ടില്ല.

## തിരുവനന്തപുരം വിമാനത്താവളത്തിൽ യാത്രക്കാരുടെ എണ്ണത്തിൽ റിക്കാർഡ് വർധന

വലിയതുറ: തിരുവനന്തപുരം രാജ്യാന്തര വിമാനത്താവളത്തിൽ 202324 സാമ്പത്തിക വർഷത്തിൽ യാത്രക്കാരുടെ എണ്ണത്തിലും എയർ ട്രാഫിക് മൂവ്മെൻറുകളുടെ (എടിഎം) എണ്ണത്തിലും റിക്കാർഡ് വർധന.

ഏപ്രിൽ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ ആകെ 4.4 ദശലക്ഷം യാത്രക്കാർ തിരുവനന്തപുരം വിമാനത്താവളം വഴി യാത്ര ചെയ്തു. 202223 ൽ ആകെ യാത്രക്കാർ 3.46 ദശലക്ഷം ആയിരുന്നു. വർധന 27% ആണ്.

യാത്രക്കാരുടെ എണ്ണത്തിൽ തിരുവനന്തപുരം വിമാനത്താവളത്തിൻറെ ചരിത്രത്തിലെ ഏറ്റവും ഉയർന്ന കണക്കുകളിൽ ഒന്നാണിത്. 4.4 ദശലക്ഷം യാത്രക്കാരിൽ 2.42 ദശലക്ഷം പേർ ആഭ്യന്തര യാത്രക്കാരും 1.98 ദശലക്ഷം പേർ അന്താരാഷ്ട്ര യാത്രക്കാരുമാണ്.

ഏറ്റവും കൂടുതൽപേർ യാത്ര ചെയ്ത അന്താരാഷ്ട്ര ലക്ഷ്യസ്ഥാനങ്ങളുടെ പട്ടികയിൽ ഷാർജയും ആഭ്യന്തര എയർപോർട്ടുകളിൽ ബംഗളൂരുവുമാണ് ഒന്നാം സ്ഥാനത്ത്.

## യു.എ.ഇ.യിൽ പേമാരിയും വെള്ളപ്പൊക്കവും

- ദുരിതാശ്വാസവുമായി മലയാളികളും
- റോഡ് വിമാന ഗതാഗതം താറുമാറായി

ഷാർജ: യു.എ.ഇ.യിൽ കനത്തുപെയ്ത മഴയിലും വെള്ളപ്പൊക്കത്തിലും ദുരിതത്തിലായത് മലയാളികളടക്കം ആയിരക്കണക്കിനാളുകൾ. രണ്ടുദിവസമായി പെയ്ത മഴയിൽ വെള്ളത്തിലായ വില്ലകൾ ഭൂരിഭാഗവും ഷാർജയുടെ കിഴക്കൻ പ്രദേശമായ കൽബയിലാണ്. ഷാർജ, ഫുജൈറ എന്നിവിടങ്ങളിലും ദുരിതബാധിതർക്കായി സർക്കാർ ക്യാമ്പുകളും പുനരധിവാസ കേന്ദ്രങ്ങളും ആരംഭിച്ചിട്ടുണ്ട്.




ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ യു.എ.ഇ. രക്ഷാസംഘങ്ങൾക്കൊപ്പം മലയാളി കൂട്ടായ്മകളും സജീവമായി സഹകരിക്കുന്നുണ്ട്. ഷാർജ ഇന്ത്യൻ അസോസിയേഷൻ, ഫുജൈറ കൈരളി കൾചറൽ അസോസിയേഷൻ ക്ലബ്, ഫുജൈറ കെ.എം.സി.സി, ഖോർഫക്കാൻ ഇന്ത്യൻ ക്ലബ് തുടങ്ങിയ സംഘടനകളെല്ലാം സഹായത്തിനായി ഉണ്ട്. ശക്തമായ മഴയ്ക്ക് പിന്നാലെ ചൊവ്വാഴ്ച വൈകീട്ടോടെ ഷാർജ ഇന്ത്യൻ അസോസിയേഷൻ കമ്മ്യൂണിറ്റി ഹാൾ താത്ക്കാലിക താമസയിടമാക്കി മാറ്റിയതായി പ്രസിഡന്റ് നിസാർ തളങ്കര അറിയിച്ചിരുന്നു. കുടുംബങ്ങളെയടക്കം ഹോട്ടലുകളിൽ മാറ്റി പാർപ്പിക്കുന്നതിന് സർക്കാർ അധികൃതരോടൊപ്പം ഇന്ത്യൻ അസോസിയേഷനും സഹകരിച്ച് പ്രവർത്തിക്കുന്നുണ്ട്. ആവശ്യമെങ്കിൽ ഇന്ത്യൻ സ്കൂളും ദുരിതാശ്വാസ കേന്ദ്രമാക്കി മാറ്റാൻ ഇന്ത്യൻ അസോസിയേഷൻ സന്നദ്ധമാണെന്നും അധികൃതർ അറിയിച്ചു.

ഷാർജ വിമാനത്താവളത്തിൽ കുടുങ്ങിപ്പോയവരെ ബുധനാഴ്ച അതത് താമസയിടങ്ങളിലെത്തിക്കാനും ഇന്ത്യൻ അസോസിയേഷൻ മാനേജിങ് കമ്മിറ്റി അംഗങ്ങളുടെ നേതൃത്വത്തിൽ പ്രവർത്തകരുണ്ടായിരുന്നു. 1300 ലേറെ ഭക്ഷണക്കിറ്റുകളും ചൊവ്വ, ബുധൻ ദിവസങ്ങളിൽ പ്രവർത്തകർ ദുരിതബാധിതർക്കെത്തിച്ചു. സഹായമായി വിവിധ കൂട്ടായ്മകൾ ചേർന്ന പ്രത്യേക വാട്സാപ്പ് ഗ്രൂപ്പുകളും ദുരിതാശ്വാസങ്ങൾക്കായി പ്രവർത്തിക്കുന്നുണ്ട്.

പേമാരിയിൽ ഏറ്റവും കൂടുതൽ നാശം വിതച്ച കൽബയിൽ മുനിസിപ്പാലിറ്റി, പോലീസ് രക്ഷാസംഘങ്ങൾക്കൊപ്പം ഫുജൈറ കൈരളി കൾചറൽ അസോസിയേഷൻ ക്ലബ് കൽബ യൂണിറ്റ്, ഫുജൈറ കെ.എം.സി.സി. തുടങ്ങിയ സംഘടനകൾ സജീവമായുണ്ട്. രക്ഷാപ്രവർത്തനങ്ങൾക്കൊപ്പം ഭക്ഷണസാധനങ്ങളെത്തിക്കാനും മുൻപന്തിയിൽ പ്രവർത്തിക്കുന്നുണ്ടെന്ന് ലോക കേരളസഭാംഗവും ഫുജൈറ കൈരളി കൾചറൽ ഭാരവാഹിയുമായ സൈമൺ സാമുവൽ പറഞ്ഞു. കൽബയിലെ പ്രവർത്തകരായ നബീൽ, പ്രിൻസ് തുടങ്ങിയവരെല്ലാം ചൊവ്വാഴ്ച മുതൽ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ വൊളന്റിയർമാരാണ്. കൽബയിലെ വില്ലകളിൽ താമസിച്ചവരുടെ സാധനങ്ങളെല്ലാം നശിച്ചുപോയ നിലയിലാണെന്നും പ്രവർത്തകർ പറഞ്ഞു. ഫുജൈറ കെ.എം.സി.സി. ആസ്ഥാനത്ത് ദുരിതബാധിതരായ 15 പേർക്ക് താമസസൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് യു.എ.ഇ. കെ.എം.സി.സി. പ്രസിഡന്റ് പുത്തൂർ റഹ്മാൻ പറഞ്ഞു.

ഉമ്മുൽ ഖുവൈനിൽ പേമാരിയും വെള്ളപ്പൊക്കവും കൂടുതൽ ദുരിതമുണ്ടാക്കിയിട്ടില്ലെന്ന് ഉമ്മുൽ ഖുവൈൻ ഇന്ത്യൻ അസോസിയേഷൻ പ്രസിഡന്റ് സജാദ് നാട്ടിക പറഞ്ഞു. ആവശ്യമെങ്കിൽ കുറച്ചുപേർക്ക് താമസൗകര്യവും ഭക്ഷണവും നൽകാൻ ഇന്ത്യൻ അസോസിയേഷൻ സന്നദ്ധത അറിയിച്ചിട്ടുണ്ട്. അജ്മാൻ ഇന്ത്യൻ അസോസിയേഷനും ദുരിതബാധിതരെ സഹായിക്കാൻ തയ്യാറാണെന്ന് ഇന്ത്യൻ അസോസിയേഷൻ പ്രസിഡന്റ് അബ്ദുൽ സലാഹ് അറിയിച്ചു. ദുരിതബാധിതരായ ഇന്ത്യക്കാർ ബുധനാഴ്ച താമസസൗകര്യങ്ങൾക്കായി വിളിച്ചതായും അദ്ദേഹം പറഞ്ഞു.

അബുദാബി, ദുബായ് എന്നിവിടങ്ങളിൽ ജോലിക്കുപോയവർ മണിക്കൂറുകളോളം റോഡുകളിൽ കുടുങ്ങിയ സാഹചര്യമായിരുന്നു. പലരും ബുധനാഴ്ച പുലർച്ചെയാണ് ഷാർജയിലെത്തിയത്. വെള്ളംപോലും കിട്ടാതെ ബുദ്ധിമുട്ടിലായെന്ന് റോഡിൽ കുടുങ്ങിയവർ പറഞ്ഞു. ചൊവ്വാഴ്ച ഉച്ചയ്ക്ക് അബുദാബിയിൽ നിന്നും ഷാർജയിലേക്ക് യാത്രതിരിച്ചവർ വീടുകളിലെത്തിയത് ബുധനാഴ്ച അർധരാത്രിയാണ്.

# പൂരം പ്രതിസന്ധി ഒഴിവായി; ആനകളെ വീണ്ടും പരിശോധിക്കില്ല: വിവാദ ഉത്തരവിൽ മാറ്റം വരുത്തിയെന്ന് മന്ത്രി

തൃശൂർ: തൃശൂർ പൂരത്തിന് ആനകളുടെ എഴുന്നള്ളിപ്പിനുള്ള നിയന്ത്രണവുമായി ബന്ധപ്പെട്ട് വനംവകുപ്പ് പുറത്തിറക്കിയ ഉത്തരവ് ഭേദഗതി ചെയ്യുമെന്ന് മന്ത്രി കെ. രാജൻ. ഇതിനുള്ള നിർദേശം സർക്കാർ നൽകിയിട്ടുണ്ട്. പൂരം നടത്തിപ്പിൽ ആശങ്ക വേണ്ടെന്നും മന്ത്രി പറഞ്ഞു.

ഇതുപ്രകാരം, വെറ്റിനറി സംഘത്തിൻറെ പരിശോധനക്ക് ശേഷം ആനകളെ വീണ്ടും പരിശോധിക്കില്ല. വനംവകുപ്പിൻറെ ഉത്തരവിൽ നിന്നും ഇത് ഉടൻ ഒഴിവാക്കി പുതിയത് ഉടൻ പുറത്തിറങ്ങും. പൂരം നല്ല രീതിയിൽ നടത്താൻ സർക്കാർ ഒപ്പമുണ്ടെന്നും അദ്ദേഹം അറിയിച്ചു.

പൂരപ്രേമികളുമായും സംഘാടകരുമായി അതതു സമയങ്ങളിൽ ആലോചിച്ച് ഏതെങ്കിലും പ്രയാസങ്ങളുണ്ടെങ്കിൽ അതു പരിഹരിച്ച് പൂരം നല്ലതുപോലെ നടത്തണമെന്നാണ് സർക്കാരിൻറെ ധാരണ. റീ വെരിഫിക്കേഷൻ പ്രായോഗികമായ കാര്യമല്ല. നേരത്തെ കുടമാറ്റാനുള്ള ആളുകൾ അണിനിരക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നം നേരത്തെ പരിഹരിച്ചിരുന്നു. സുരക്ഷ ഉണ്ടാകണമെന്ന കാര്യത്തിൽ ആർക്കും എതിരഭിപ്രായമില്ല. അതിനാൽ കോടതി ഉത്തരവുകളെല്ലാം അംഗീകരിച്ചുകൊണ്ടു തന്നെ പൂരം നടത്തുമെന്നും മന്ത്രി പറഞ്ഞു.

വനംവകുപ്പിൻറെ സർക്കുലറിൽ പറഞ്ഞിട്ടുള്ള 12ാമത്തെ കാര്യമായ റീ വെരിഫിക്കേഷൻ ഓഫ് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് എന്ന ഭാഗം പൂർണമായി മാറ്റാനാണ് സർക്കാർ നിർദേശം നൽകിയിട്ടുള്ളത്. ആനകളുടെ രണ്ടാം വട്ട ഫിറ്റ്നസ് പരിശോധന ഒഴിവാക്കുമെന്ന് വനംമന്ത്രി എ. കെ. ശശീന്ദ്രനും അറിയിച്ചു.

വെറ്ററിനറി ഡോക്ടറുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഉണ്ടെങ്കിലും വനംവകുപ്പിൻറെ ഡോക്ടർ വീണ്ടും പരിശോധിക്കണമെന്ന നിബന്ധനയ്ക്കെതിരെ ആന ഉടമകളും ദേവസ്വങ്ങളും പ്രതിഷേധിച്ചതിനെത്തുടർന്നാണ് സർക്കാർ ഇടപെടൽ.

വനംവകുപ്പിൻറെ കടുത്ത തീരുമാനത്തിനു പിന്നാലെ തൃശൂർ പൂരത്തിനു ആനകളെ നൽകാൻ കഴിയില്ലെന്ന് ആന ഉടമകൾ ദേവസ്വങ്ങളെ അറിയിച്ചിരുന്നു. വനംവകുപ്പ് മന്ത്രിയുമായി വിഷയം സംസാരിച്ചിരുന്നുവെന്നും മന്ത്രി കെ. രാജൻ പറഞ്ഞു.

# സിഎഎയെപ്പറ്റി രാഹുൽ ഒരക്ഷരം സംസാരിച്ചിട്ടില്ല; കോൺഗ്രസിൻറെ ധർമം സംഘപരിവാറിനൊപ്പം നിൽക്കലാണോ: മുഖ്യമന്ത്രി

പാലക്കാട്: പൗരത്വഭേദഗതി വിഷയത്തിൽ ബിജെപിക്കും കോൺഗ്രസിനുമെതിരേ വിമർശനവുമായി മുഖ്യമന്ത്രി പിണറായി വിജയൻ. ആർഎസ്എസ് അജൻഡയാണ് രാജ്യത്ത് ബിജെപി നടത്തുന്നത്. രാജ്യത്തെ മൂല്യങ്ങളെല്ലാം തകർക്കുകയാണെന്നും മോദിയുടെ വാഗ്ദാനങ്ങൾ ജനങ്ങൾ വിശ്വസിക്കില്ലെന്നും അദ്ദേഹം പറഞ്ഞു.

ബിജെപിയുടെ ആഭ്യന്തര ശത്രുക്കൾ ന്യൂനപക്ഷവും കമ്മ്യൂണിസ്റ്റുകളുമാണെന്നും പിണറായി വിജയൻ വ്യക്തമാക്കി. തെരഞ്ഞെടുപ്പ് പ്രചാരണത്തിന്റെ ഭാഗമായി പട്ടാമ്പിയിൽ നടന്ന എൽഡിഎഫ് പൊതുസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

രാഹുൽ ഗാന്ധിയെ രൂക്ഷമായി വിമർശിച്ച മുഖ്യമന്ത്രി സിഎഎക്കെതിരായ സമരത്തിൽ അറസ്റ്റു ചെയ്യപ്പെട്ട ഏതെങ്കിലും കോൺഗ്രസുകാരുണ്ടോ എന്നും ചോദിച്ചു. കുറ്റപത്രത്തിൽ സീതാറാം യെച്ചൂരിയുടെ പേരുണ്ട്. ഏതെങ്കിലും കോൺഗ്രസുകാരൻറെ പേരുണ്ടോ? കോൺഗ്രസിനെ വിമർശിക്കുന്നതിൽ രാഹുലിന് പരാതിയുണ്ട്. സ്വന്തം ആളുകൾ പ്രക്ഷോഭത്തിലുണ്ടായിരുന്നുവെന്ന് രാഹുലിനു പറയാനാകുമോ എന്നും പിണറായി കൂട്ടിച്ചേർത്തു.

സിഎഎയെപ്പറ്റി രാഹുൽ ഒരക്ഷരം സംസാരിച്ചിട്ടില്ല. കോൺഗ്രസിൻറെ ധർമം സംഘപരിവാറിനൊപ്പം നിൽക്കലാണോ? മതനിരപേക്ഷമെന്ന് പറയുന്ന കോൺഗ്രസിനു എന്തുകൊണ്ടാണ് സംഘപരിവാർ മനസിനോട് യോജിപ്പ്? കോൺഗ്രസ് കേന്ദ്ര നേതൃത്വത്തിൻറെ നിർദേശത്തിൻറെ ഭാഗമായാണ് കേരളത്തിലെ കോൺഗ്രസ് സിഎഎക്കെതിരായ സമരത്തിൽ നിന്നും പിൻവാങ്ങാൻ കാരണമെന്നും മുഖ്യമന്ത്രി ആരോപിച്ചു.

# എപിപി അനീഷ്യയുടെ മരണം: പ്രതികൾക്ക് ഉപാധികളോടെ മുൻകൂർ ജാമ്യം

കൊച്ചി: പരവൂർ മുൻസിഫ് കോടതിയിലെ ഒന്നാം ഗ്രേഡ് അസിസ്റ്റ് പബ്ലിക് പ്രോസിക്യൂട്ടർ എസ്. അനീഷ്യ(41) ജീവനൊടുക്കിയ കേസിലെ പ്രതികൾക്ക് മുൻകൂർ ജാമ്യം. എപിപി ശ്യാം കൃഷ്ണ, ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻസ് അബ്ദുൽ ജലീൽ എന്നിവർക്കാണ് ഹൈക്കോടതി ഉപാധികളോടെ മുൻകൂർ ജാമ്യം അനുവദിച്ചത്.

അന്വേഷണവുമായി സഹകരിക്കണം, മൂന്നുദിവസം അന്വേഷണസംഘത്തിന് മുന്നിൽ ഹാജരാകണം എന്നിങ്ങനെയുള്ള ഉപാധികളോടെയാണ് ജാമ്യം.

ജനുവരി 21നാണ് പരവൂർ നെടുങ്ങോലം പോസ്റ്റ് ഓഫീസ് ജംഗ്ഷനു സമീപത്തെ വീട്ടിലെ കുളിമുറിയിൽ തൂങ്ങിമരിച്ച നിലയിൽ അനീഷ്യയെ കണ്ടത്. ജോലിസ്ഥലത്ത് മാനസിക പീഡനം നേരിട്ടുവെന്ന് സൂചിപ്പിക്കുന്ന, അനീഷ്യയുടെ ശബ്ദസന്ദേശം പുറത്തുവന്നിരുന്നു.

തന്നെ മാനസികമായി പീഡിപ്പിച്ചുവെന്നും കോൺഫിഡൻഷ്യൽ റിപ്പോർട്ട് പുറത്താക്കിയെന്നും ശബ്ദ സന്ദേശത്തിൽ അനീഷ്യ പറയുന്നുണ്ട്. ജോലി ചെയ്യാൻ പറ്റാത്ത അവസ്ഥയുണ്ടായി, ഒരു തെറ്റും ചെയ്തില്ല, സ്ത്രീ എന്ന പരിഗണന നൽകിയില്ല, തന്നെ ആളുകളുടെ ഇടയിൽ വച്ച് അപമാനിച്ചുവെന്നതടക്കമുള്ള ആരോപണങ്ങളാണ് അനീഷ്യ ശബ്ദസന്ദേശത്തിൽ ഉന്നയിക്കുന്നത്.

# മാസപ്പടിക്കേസ്: ചോദ്യംചെയ്യൽ തുടരുന്നു; എക്സാലോജിക് ഇടപാടിൻറെ പൂർണരേഖകൾ കൈമാറുന്നില്ലെന്ന് ഇഡി

കൊച്ചി: മാസപ്പടി കേസിൽ എക്സാലോജിക്കുമായുള്ള ഇടപാടിൻറെ പൂർണ രേഖകൾ സിഎംആർഎൽ കൈമാറുന്നില്ലെന്ന് എൻഫോഴ്സ്മെൻറ് ഡയറക്ടറേറ്റ് (ഇഡി). ഇടപാടുകൾ സംബന്ധിച്ച രേഖകളും കരാർ രേഖകളുമായി കഴിഞ്ഞ ദിവസം ചോദ്യം ചെയ്ത ഉദ്യോഗസ്ഥരിൽനിന്ന് ഇഡി ആവശ്യപ്പെട്ടത്. എന്നാൽ, ചീഫ് ഫിനാൻസ് മാനേജർ പി. സുരേഷ് കുമാർ കരാർ രേഖ ഹാജരാക്കിയില്ല. ഇതിനെ തുടർന്നു സുരേഷ് കുമാറിനെ ഇഡി ഇന്നും ചോദ്യംചെയ്യും.

ആവശ്യപ്പെട്ട രേഖകൾ ആദായ നികുതി വകുപ്പിൻറെ ഇൻററിം സെറ്റിൽമെൻറ് ബോർഡ് പരിശോധിക്കുകയും തീർപ്പാക്കുകയും ചെയ്തതാണെന്നാണ് സുരേഷ് കുമാർ ചോദ്യംചെയ്യലിൽ പറഞ്ഞത്. അങ്ങനെ തീർപ്പാക്കിയ കേസിൻറെ രേഖകൾ കൈമാറാൻ സാധിക്കില്ലെന്നായിരുന്നു അദ്ദേഹത്തിൻറെ മറുപടി.

എക്സാലോജിക്കുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അറിയില്ലെന്ന മറുപടിയാണ് ഉദ്യോഗസ്ഥർ നൽകുന്നതെന്നാണ് ഇഡി പറയുന്നത്. സുരേഷ് കുമാറിനെ കൂടാതെ മുൻ കാഷ്യർ വാസുദേവനെയും ഇന്നും ചോദ്യംചെയ്യും.

എക്സാലോജിക്കിൻറെ സോഫ്റ്റ് വെയർ ഡെവലപ്പ്മെൻറ് മെയ്ൻറനൻസുമായി ബന്ധപ്പെട്ട കരാറിൽ ഒപ്പിട്ടയാളാണ് പി. സുരേഷ്കുമാർ. കമ്പനി എംഡി സി. എൻ. ശശിധരൻ കർത്തയുടെ കമ്പനി സെക്രട്ടറി കൂടിയായ സുരേഷ്കുമാറാണ് കമ്പനിയുടെ പല നിർണായക തീരുമാനങ്ങളും കൈക്കൊണ്ടിരുന്നത്. കഴിഞ്ഞ ദിവസം മൂന്ന് ജീവനക്കാരെ 24 മണിക്കൂർ ചോദ്യം ചെയ്തതിന് ശേഷമാണ് ഇന്ന് രണ്ട് പേരെയും ചോദ്യം ചെയ്യലിനായി വിളിപ്പിച്ചിരിക്കുന്നത്.

# പെൻഷൻ ക്യൂവിൽ നിൽക്കെ മോൻസൺ മാവുങ്കലിൻറെ ഭാര്യ കുഴഞ്ഞുവീണ് മരിച്ചു

ചേർത്തല: വ്യാജ പുരാവസ്തു തട്ടിപ്പു കേസിൽ അറസ്റ്റിലായി ജയിൽ കഴിയുന്ന മോൻസൺ മാവുങ്കലിൻറെ ഭാര്യ ത്രേസ്യാമ്മ (68) കുഴഞ്ഞുവീണ് മരിച്ചു.

ചേർത്തല ട്രഷറിയിൽ പെൻഷൻ വാങ്ങാനായി വരിനിൽക്കുന്നതിനിടെയാണ് കുഴഞ്ഞുവീണത്. ട്രഷറി ജീവനക്കാർ ഉടൻതന്നെ ചേർത്തല താലൂക്ക് ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

റിട്ട. അധ്യാപികയാണ് ത്രേസ്യാമ്മ. മക്കൾ: മാനസ്, നിമിഷ.

# തൂശൂർ പൂരം; ചമയക്കലവറ തുറന്നു

തൃശൂർ: മേട പൊൻ വെയിലിനെ നോക്കി ചിരിച്ചുയരാൻ കാത്തുനിൽക്കുന്ന വർണക്കുടകൾ, തിളയ്ക്കുന്ന സൂര്യരശ്മികൾ ഏറ്റുവാങ്ങി വെട്ടി ത്തിളങ്ങാൻ വെമ്പുന്ന നെറ്റിപ്പട്ടങ്ങൾ, ആകാശം കാണാത്ത അനേകായിരം പീലിക്കണ്ണുകളുടെ ആലവട്ടങ്ങൾ, പൂരക്കാറ്റിൽ പൂത്തുലയാൻ കാത്തുനിൽക്കുന്ന കാറ്റുപിടിക്കാത്ത വെൺചാമരങ്ങൾ. . .

കരിവീര ചന്തത്തിന് മാറ്റുകൂട്ടുന്ന ആനയാഭരണങ്ങളുടെ രഹസ്യ ചമയപ്പുര ഇന്നു രാവിലെ തുറന്നപ്പോൾ കണ്ട കാഴ്ചകളിതാണ്. . . ആനച്ചൂരും ആനച്ചൂടും മാത്രമല്ല മേട വെയിലും മേടക്കാറ്റുമേൽക്കാത്ത പുതുപുത്തൻ കണ്ണഞ്ചിപ്പിക്കുന്ന ആനച്ചമയങ്ങളാണ് കാഴ്ചക്കാരെ വിസ്മയിപ്പിക്കുന്നതും മോഹിപ്പിക്കുന്നതും.

തിളങ്ങുന്ന കുടകൾ കാണുമ്പോൾ ആ കുടശീല പോലെ ചുരിദാറോ സാരിയോ ബ്ലൗസോ കിട്ടിയിരുന്നെങ്കിൽ എന്ന് കൊതിക്കുന്ന സ്ത്രീ ജനങ്ങൾ, ആലവട്ടത്തിൽനിന്ന് ഒരു പീലി കഷ്ണമെങ്കിലും മോഹിക്കുന്ന കുട്ടികൾ. . . തിരുവമ്പാടി വിഭാഗം കൗസ്തുഭത്തിലും പാറമേക്കാവ് വിഭാഗം അഗ്രശാലയിലും ചമയപ്പുരകളുടെ വാതിലുകൾ തുറന്നപ്പോൾ രാവിലെ മുതൽ വൻ തിരക്കാണ് ആനകൾ അണിയുന്ന ആഭരണക്കാഴ്ചകൾ കാണാനെത്തുന്നത്. വൈകുന്നേരം സാമ്പിൾ കാണാൻ എത്തുന്നവർ ചമയപ്പുരകളിലേക്ക് കൂടി കയറുന്നതോടെ തിരക്കുകൂടും. വൈകുന്നേരം ഏഴു മുതലാണു സാമ്പിൾ വെടിക്കെട്ട്.

# സിസ്റ്റർ ജോസ് മരിയ കൊലക്കേസ് : വിധി 23ന്

കോട്ടയം: പിണ്ണക്കാനാട് മൈലാടി എസ്എച്ച് കോൺവെൻറിലെ സിസ്റ്റർ ജോസ് മരിയയെ (75) കൊലപ്പെടുത്തിയ കേസി പ്രതി കാസർഗോഡ് മൂന്നാട് സ്വദേശി സതീശ് ബാബുവിൻറെ ശിക്ഷ 23 ലേക്ക് മാറ്റി.

കോട്ടയം അഡീഷണൽ സെഷൻസ് കോടതിയുടേതാണ് നടപടി. പ്രതി സതീഷ് ബാബുവിനെയും കോടതിയിൽ ഹാജരാക്കി. 2015 ഏപ്രിൽ 17 നായിരുന്നു സംഭവം.മോഷണശ്രമത്തിനിടെ പ്രതി കമ്പിവടിക്കൊണ്ട് സിസ്റ്ററെ അടിച്ചു കൊലപ്പെടുത്തുകയായിരുന്നു.

പാലാ ലിസ്യു മഠത്തിലെ സിസ്റ്റർ അമലയുടെ കൊലപാതകവുമായി ബന്ധപ്പെട്ട വിചാരണക്കിടെ സിസ്റ്റർ ജോസ് മരിയെ കൊലപ്പെടുത്തിയ സംഭവത്തിൽ പ്രതി കുറ്റം സമ്മതിക്കുകയായിരുന്നു.

ഈ കേസിൽ തിരുവനന്തപുരം സെൻട്രൽ ജയിൽ തടവിൽ കഴിയുകയാണ് പ്രതി സതീശ് ബാബു.

# നല്ല കമ്യൂണിസ്റ്റുകൾ യുഡിഎഫിന് വോട്ട് ചെയ്യും, അത് മുഖ്യമന്ത്രിക്കുള്ള താക്കീതാവും: വി. ഡി. സതീശൻ

കണ്ണൂർ: നല്ല കമ്യൂണിസ്റ്റുകൾ യുഡിഎഫിന് വോട്ട് ചെയ്യുമെന്ന് പ്രതിപക്ഷ നേതാവ് വി. ഡി. സതീശൻ. അത് മുഖ്യമന്ത്രി പിണറായി വിജയനുള്ള താക്കീതാകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. പാർലമെൻറ് തെരഞ്ഞെടുപ്പിൽ സിപിഎം ബോംബുണ്ടാക്കുന്നത് ആർഎസ്എസിന് എതിരെയല്ലെന്നും യുഡിഎഫുകാരെ കൊല്ലാനാണെന്നും സതീശൻ പറഞ്ഞു. ബോംബ് രാഷ്ട്രീയം തകർന്നപ്പോൾ പുതിയ നുണ ബോംബുമായി സ്ഥാനാർഥിയും സിപിഎമ്മും വന്നിരിക്കുകയാണ്. ഒരു സ്ഥാനാർഥിയെയും യുഡിഎഫ് അപമാനിക്കുന്ന പ്രശ്നമില്ലെന്നും കെ. കെ. ശൈലജയ്ക്കെതിരായ സൈബർ ആക്രമണം പരാമർശിച്ച് അദ്ദേഹം വ്യക്തമാക്കി.

കെ. കെ. രമയെ ആസ്ഥാന വിധവയെന്ന് വിളിച്ച് അധിക്ഷേപിച്ചപ്പോൾ ശൈലജയും വൃന്ദ കാരാട്ടുമുണ്ടായിരുന്നില്ല. ലതിക സുഭാഷിനെ അച്യുതാനന്ദൻ അധിക്ഷേപിച്ചപ്പോഴും ആരുമുണ്ടായിരുന്നില്ല. മെഡിക്കൽ കോളജിൽവച്ച് പീഡനത്തിന് ഇരയായ അതിജീവിതയെ ഇവർ വളഞ്ഞിട്ട് ആക്രമിച്ചു. ചിത്രലേഖയുടെ ഓട്ടോ കത്തിച്ചപ്പോഴും ഇവരുണ്ടായില്ല. ഉമാ തോമസിനെ കഴിഞ്ഞ തിരഞ്ഞെടുപ്പ് കാലത്ത് സിപിഎം സംഘടനാ നേതാവ് അധിക്ഷേപിച്ചു. അരിതാ ബാബു, രമ്യാ ഹരിദാസ്, ബിന്ദു കൃഷ്ണ എന്നിവരും അപമാനിക്കപ്പെട്ടിട്ടുണ്ടെന്നും സതീശൻ പറഞ്ഞു.

# ഉപയോക്താവ് അറിയാതെ ഏജൻസി മാറ്റം, സിലിണ്ടർ ലഭിക്കാൻ ബുദ്ധിമുട്ടായി

റാന്നി: ഉപയോക്താക്കളുടെ അറിവോ സമ്മതമോ ഇല്ലാതെ പാചകവാതക കണക്ഷനുകൾ സമീപ സ്ഥലത്തുനിന്ന് വിദൂരത്തിലുള്ള ഏജൻസിയിലേക്ക് മാറ്റുന്നതായി പരാതി. ഉപയോക്താക്കളുടെ അനുമതിയില്ലാതെയുള്ള മാറ്റത്തിനെതിരേ വ്യാപക പ്രതിഷേധം.

ആധാറും കണക്ഷൻ ബുക്കുമായി ലിങ്കുചെയ്യാനെത്തിയ ഉപയോക്താക്കൾ അവ മാറ്റി പഴയ ഏജൻസിയിലാക്കി കിട്ടാൻ എന്തു ചെയ്യണമെന്നറിയാതെ പരക്കം പായുകയാണ്. നാറാണംമൂഴി, പെരുനാട് പഞ്ചായത്തുകളിൽ ഗ്യാസ് വിതരണം ചെയ്യുന്നത് പെരുനാട് മാർക്കറ്റിൽ ഓഫീസുള്ള ഇൻഡേൻ കമ്പനിയുടെ ഇമ്മാനുവൽ ഗ്യാസ് ഏജൻസിയാണ്. ഇവരുടെ കളക്ഷൻ സെൻററാകട്ടെ അത്തിക്കയത്തിനു സമീപം കണ്ണംപള്ളിയിലാണ്.

നാറാണംമൂഴി പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലേക്ക് വളരെ വേഗത്തിൽ സിലിണ്ടറുകൾ എത്തിച്ചു നൽകാനാകുമായിരുന്നു. മാത്രമല്ല, വാഹനം വരാത്ത ദിവസങ്ങളിലും അത്യാവശ്യ സന്ദർഭങ്ങളിലും ഇവരുടെ കണ്ണംപള്ളിയിലെ ഗോഡൗണിലെത്തി സിലിണ്ടറുകൾ നേരിട്ട് വാങ്ങാനും കഴിയും.

എന്നാൽ, ബുക്കും ആധാറും ലിങ്ക് ചെയ്യാൻ ഇമ്മാനുവൽ ഏജൻസിയുടെ പെരുനാട് ഓഫീസിലെത്തിയവർ തങ്ങളുടെ കണക്ഷൻ 10 കിലോമീറ്ററോളം അകലെയുള്ള റാന്നിയിലെ ഒരു ഗ്യാസ് ഏജൻസിയിലേക്ക് വെട്ടിമാറ്റപ്പെട്ടിരിക്കുന്നതായി കണ്ടെത്തുകയായിരുന്നു.

ഏജൻസി മാറ്റം പാചകവാതക കമ്പനി നേരിട്ടു ചെയ്തതാണെന്നാണ് ഏജൻസികളുടെ വിശദീകരണം.

# കബനി നദിയിൽ കുടിവെള്ളത്തിനായി തടയണ നിർമിച്ചു

പുൽപ്പള്ളി: കബനി നദിയിൽ ജനകീയ പങ്കാളിത്തത്തോടെ തടയണ നിർമ്മിച്ചു. പുൽപ്പള്ളി, മുള്ളൻകൊല്ലി പഞ്ചായത്തുകളുടെ നേതൃത്വത്തിലാണ് ഇന്നലെ രാവിലെ 8.30ഓടെ തടയണ നിർമിച്ചത്. മരക്കടവ് പമ്പ് ഹൗസിന് സമീപമാണ് കബനി നദിക്ക് കുറുകേ മണൽചാക്കുകളും കല്ലുകളും ഉപയോഗിച്ച് തടയണ നിർമിച്ചത്. ജില്ലാ ഭരണകൂടത്തിൻറെ അനുമതിയോടെയാണ് തടയണ നിർമിച്ചത്.

കബനി കുടിവെള്ള പദ്ധതിയിലെ പമ്പിംഗ് മുടങ്ങിയതിനെ തുടർന്ന് പുൽപ്പള്ളി, മുള്ളൻകൊല്ലി പഞ്ചായത്തുകളിൽ ഒരാഴ്ചയോളമായി കുടിവെള്ള വിതരണം മുടങ്ങിയിരുന്നു. തുടർന്ന് കബനി നദിയിലെ തടയണ നിർമാണം പൂർത്തിയായാൽ കാരാപ്പുഴ, ബാണാസുരസാഗർ അണക്കെട്ടുകളിൽനിന്നു കബനി നദിയിലേക്ക് കുടിവെള്ളമെത്തിക്കാമെന്ന് ജില്ലാ ഭരണകൂടം അറിയിച്ചത് അനുസരിച്ചാണ് തടയണ നിർമിച്ചത്.

കർണാടക ബീച്ചനഹള്ളി ഡാമിൽനിന്നു കുടിവെള്ളത്തിനും കൃഷിയാവശ്യത്തിനുമായി കൂടുതൽ വെള്ളം തുറന്നുവിട്ടതോടെയാണ് കബനി നദിയിലെ ജലവിതാനം കുത്തനെ താഴ്ന്നത്.

തടയണ നിർമാണത്തിന് പഞ്ചായത്ത് പ്രസിഡൻറുമാരായ പി. കെ. വിജയൻ, ടി. എസ്. ദിലീപ്കുമാർ, ജില്ലാ പഞ്ചായത്തംഗം ബിന ജോസ്, പഞ്ചായത്ത് വൈസ് പ്രസിഡൻറുമാരായ ശോഭന സുകു, മോളി സജി, ബ്ലോക്ക് പഞ്ചായത്ത് സ്ഥിരിസമിതി അധ്യക്ഷൻ പി. ഡി. സജി, ഷിനു കച്ചിറയിൽ, പി. കെ. ജോസ്, ജോസ് നെല്ലേടം,

പി. എസ്. കലേഷ്, ചന്ദ്രബാബു, മേഴ്സി ബെന്നി, ജിസ്ര മുനീർ, പി. എ. പ്രകാശൻ, എൻ. യു. ഉലഹന്നാൻ, ജോബി കരോട്ടുകുന്നേൽ, രാജൻ പാറക്കൽ തുടങ്ങിയവർ നേതൃത്വം നൽകി.

കബനി നദിയിലെ തടയണ നിർമാണം ജനപങ്കാളിത്തംകൊണ്ട് ശ്രദ്ധേയമായി. പുൽപ്പള്ളി, മുള്ളൻ കൊല്ലി മേഖലകളിലെ രൂക്ഷമായ വരൾച്ചയും കുടിവെള്ള ക്ഷാമത്തിനും പരിഹാരം കാണുകയെന്ന ലക്ഷ്യത്തോടെയാണ് പഞ്ചായത്തുകളുടെ നേതൃത്വത്തിൽ കബനി നദിക്ക് കുറുകേ തടയണ നിർമിച്ചത്.

പുൽപ്പള്ളി, മുള്ളൻകൊല്ലി പഞ്ചായത്തുകളിലെ കുടുംബശ്രീ പ്രവർത്തകരുടേയും നാട്ടുകാരുടേയും ജനപ്രതിനിധികളുടേയും നേതൃത്വത്തിലായിരുന്നു തടയണ നിർമാണം. രാവിലെ ആരംഭിച്ച തടയണ നിർമാണത്തിൽ 500 ഓളം ആളുകളാണ് ശക്തമായ വെയിലും ചൂടും വകവയ്ക്കാതെ പങ്കുചേർന്നത്.

പഞ്ചായത്തിൻറെ നേതൃത്വത്തിൽ തടയണ നിർമാണത്തിനെത്തിയവർക്ക് ഭക്ഷണവും കുടിവെള്ളവുമുൾപ്പെടെ ഒരുക്കിയിരുന്നു. മുൻ വർഷങ്ങളിൽ നിന്നു വ്യത്യസ്ഥമായി ഇത്തവണത്തെ തടയണ നിർമാണത്തിൽ കൊടും വരൾച്ചയിൽ കുടിവെള്ള ക്ഷാമവും കൃഷിനാശവുമുണ്ടായ മേഖലകളിൽനിന്നു സ്ത്രീകളും കുട്ടികളുമടക്കം നിരവധിപേരാണ് മരക്കടവിലെത്തിയത്. 150 മീറ്ററോളം നീളത്തിലാണ് മണൽ ചാക്കും ചെറുകല്ലുകളുംകൊണ്ട് തടയണ നിർമിച്ചത്.

വിവിധ രാഷ്ട്രീയ പാർട്ടി നേതാക്കൾ ഉൾപ്പെടെ പ്രവർത്തകരുമായെത്തി നിർമാണ പ്രവൃത്തിയിൽ പങ്കാളികളായി. രാവിലെ തുടങ്ങിയ തടയണ നിർമാണം വൈകുന്നേരത്തോടെയാണ് പൂർത്തിയാക്കിയത്. കടുത്ത ചൂടിലും കൈ മെയ് മറന്ന് തടയണ നിർമാണത്തിൽ പങ്കാളികളായവരുടെ പ്രവർത്തനങ്ങൾ മാതൃകയായി

# ബോംബ് രാഷ്ട്രീയം തകർന്നപ്പോൾ നുണ ബോംബുമായി സിപിഎം: പ്രതിപക്ഷ നേതാവ്

കണ്ണൂർ: ബോംബ് രാഷ്ട്രീയം തകർന്നപ്പോൾ പുതിയ നുണ ബോംബുമായി സിപിഎമ്മും സ്ഥാനാർഥിയും ഇറങ്ങിയിരിക്കുകയാണെന്ന് പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ. സ്ത്രീകളെയോ എതിർ സ്ഥാനാർഥികളെയോ അപമാനിക്കുന്നതിനെ യുഡിഎഫ് ഒരു കാലത്തും പ്രോത്സാഹിപ്പിച്ചിട്ടില്ലെന്ന് സതീശൻ പറഞ്ഞു.

കെ.കെ. രമയെ ആസ്ഥാന വിധവയെന്ന് വിളിച്ച് ആക്ഷേപിച്ചപ്പോൾ കെ.കെ. ശൈലജയെയോ ബൃന്ദാ കാരാട്ടിനെയോ കണ്ടില്ല. ലതികാ സുഭാഷിനെയും ഐസിയുവിൽ പീഡനത്തിന് ഇരയായ അതിജീവിതയെയും വളഞ്ഞിട്ട് ആക്രമിച്ചപ്പോഴും ആരെയും കണ്ടില്ലെന്നും അദ്ദേഹം കുറ്റപ്പെടുത്തി.

ഇത്തരം കാര്യങ്ങൾ സിപിഎമ്മാണ് ചെയ്യുന്നത്. വൈകാരികമായി തൊണ്ടയിടറി പറഞ്ഞെന്ന തരത്തിൽ ഇപ്പോൾ വാർത്ത വരുത്തിക്കുകയാണ്. ആരോഗ്യമന്ത്രിയായിരുന്ന ശൈലജയ്ക്കെതിരെ യുഡിഎഫ് രാഷ്ട്രീയ ആരോപണങ്ങൾ ഉന്നയിക്കും. 1032 കോടിയുടെ അഴിമതി ആരോപണം അവർക്കെതിരെയുണ്ടെന്ന് പ്രതിപക്ഷ നേതാവ് പറഞ്ഞു.

# വരൻ മദ്യപിച്ചെത്തി, വിവാഹം മുടങ്ങി; വധുവിൻെറ വീട്ടുകാർക്ക് നഷ്ടപരിഹാരം

പത്തനംതിട്ട: മദ്യപിച്ച് ലക്കുകെട്ട് വരൻ പള്ളിയിലെത്തിയതിനു പിന്നാലെ വിവാഹം മുടങ്ങി. കഴിഞ്ഞ ദിവസം തടിയൂരിലെ ഒരു ദേവാലയ അങ്കണത്തിൽ നടന്ന സംഭവത്തിൽ വധുവിൻറെ വീട്ടുകാർക്ക് നഷ്ടപരിഹാരം നൽകി പ്രശ്നം ഒത്തുതീർപ്പാക്കി.

വിദേശത്തായിരുന്ന 31കാരനായ വരൻ വിവാഹം ഉറപ്പിച്ചശേഷമാണ് നാട്ടിലെത്തിയതെന്ന് പറയുന്നു. വിവാഹദിവസം രാവിലെ കാറിൽ പള്ളിയിൽ വന്നിറങ്ങിയ ഇയാൾക്ക് പള്ളിയിലേക്ക് പ്രവേശിക്കാൻ പോലുമാകുമായിരുന്നില്ല. തുടർന്ന് വൈദികർ ഇടപെട്ടെങ്കിലും അവരെ അസഭ്യം പറഞ്ഞതോടെ പോലീസിൽ വിവരം അറിയിക്കുകയായിരുന്നു. സംഭവം വഷളായതോടെ വധുവും വീട്ടുകാരും വിവാഹത്തിൽ നിന്നു പിൻമാറുകയാണെന്ന് അറിയിച്ചു. പോലീസ് സ്ഥലത്തെത്തി മദ്യലഹരിയിൽ പ്രശ്നം ഉണ്ടാക്കിയതിനു വരനെതിരേ കേസെടുത്തു. പിന്നാലെ പോലീസ് സാന്നിധ്യത്തിൽ നടന്ന ചർച്ചയിലാണ് ആറുലക്ഷം രൂപ നഷ്ടപരിഹാരം നൽകി പ്രശ്നം ഒത്തുതീർപ്പാക്കാൻ തീരുമാനിച്ചത്.

നാരങ്ങാനം സ്വദേശിനിയായിരുന്നു വധു. വിദേശത്ത് ജോലിയുള്ള യുവാവും ഉയർന്ന വിദ്യാഭ്യാസ യോഗ്യതയും ജോലിയുമുള്ള യുവതിയും തമ്മിലുള്ള വിവാഹനിശ്ചയം മാർച്ച് 15നായിരുന്നു.

# ആവേശം ചോരാതെ ആറ്റിങ്ങലിലും

തിരുവനന്തപുരം: ആറ്റിങ്ങൽ പാർലമെൻറ് മണ്ഡലത്തിലെ എൽഡിഎഫ് സ്ഥാനാർഥി വി.ജോയിയുടെ സ്ഥാനാർഥി പര്യടനം ഇന്നലെ രാവിലെ കടമുക്ക് ജംഗ്ഷനിൽ മന്ത്രി വി. ശിവൻകുട്ടി ഉദ്ഘാടനം ചെയ്തു. കോൺഗ്രസും ബിജെപിയും തമ്മിലുള്ള വ്യത്യാസം ഇല്ലാതായി കഴിഞ്ഞതായി വി. ശിവൻകുട്ടി പറഞ്ഞു.

ആറ്റിങ്ങൽ നിയമസഭ മണ്ഡലത്തിൻറെ എഴുപതോളം കേന്ദ്രങ്ങളിലായിരുന്നു ഇന്നലെ സ്ഥാനാർഥി പര്യടനം നടന്നത്. നൂറുകണക്കിനു പേരാണ് ഓരോ കേന്ദ്രങ്ങളിലും സ്ഥാനാർഥിയെ സ്വീകരിക്കാനായി കാത്തുനിന്നത്. പ്രചാരണത്തിൻറെ ഭാഗമായി മണ്ഡലത്തിൻറെ മൂന്നുകേന്ദ്രങ്ങളിൽ സിപിഎം പോളിറ്റ് ബ്യൂറോ അംഗം പ്രകാശ് കാരാട്ട് പങ്കെടുത്ത പൊതുയോഗങ്ങളും ഇന്നലെ നടന്നു.

രാജ്യത്തെ ജനാധിപത്യ സംവിധാനം തച്ചു തകർത്തു കൊണ്ടാണ് തെരഞ്ഞെടുപ്പിനെ നേരിടുന്നതെന്ന് പ്രകാശ് കാരാട്ട് പറഞ്ഞു. ജയ് ശ്രീരാം വിളിക്കുന്പോൾ കോൺഗ്രസ് ജയ് ഹനുമാൻ എന്ന് വിളിക്കുന്നു. ഇടതുപക്ഷം മാത്രമാണ് ഹിന്ദുത്വ അജണ്ട എതിർക്കുന്നതെന്നും പ്രകാശ് കാരാട്ട് ഓർമിപ്പിച്ചു. ഇന്ന് അരുവിക്കര മണ്ഡലത്തിലാണ് സ്ഥാനാർഥിപര്യടനം.

ആറ്റിങ്ങൽ പാർലമെൻറ് മണ്ഡലത്തിലെ യുഡിഎഫ് സ്ഥാനാർഥി അടൂർ പ്രകാശിനെ സ്വീകരിക്കാൻ വൻ ജനാവലിയാണ് സ്വീകരണ സ്ഥലങ്ങളിൽ ഇന്നലെയും ഉണ്ടായിരുന്നത്. പ്രവർത്തകരും ജനങ്ങളും പലസ്ഥലങ്ങളിലും പര്യടന പരിപാടിയിൽ തടിച്ചുകൂടി. കേന്ദ്ര സംസ്ഥാന സർക്കാരിൻറെ ജനദ്രോഹ നയങ്ങൾക്കെതിരെ ഉള്ള മറുപടിയായി ഈ തെരഞ്ഞെടുപ്പിനെ കാണുമെന്ന് ഉറക്കെ പ്രഖ്യാപിച്ചു കൊണ്ടാണ് അടൂർ പ്രകാശിൻറെ പര്യടന പരിപാടികളിൽ ജനങ്ങൾ പങ്കെടുക്കുന്നത്.

ഇന്നലെ രാവിലെ പ്രാവച്ചന്പലത്തിൽനിന്നും ആരംഭിച്ച പര്യടന പരിപാടി വെടിവെച്ചാൻകോവിൽ, ഊരൂട്ടന്പലം, മാറനെല്ലൂർ, അരുമാളൂർ ആമച്ചൽ, കിള്ളി എന്നിവിടങ്ങളിൽ പര്യടനം നടത്തി രാത്രി വൈകി കാട്ടാക്കടയിൽ വാഹന പര്യടനം അവസാനിപ്പിച്ചു.

നരുവാമൂടിലെ ജനങ്ങൾ പൂച്ചെണ്ടുകൾ നൽകിയായിരുന്നു സ്ഥാനാർഥിയെ സ്വീകരിച്ചത്. ജനങ്ങളുടെ സ്നേഹസ്വീകരണങ്ങൾ ഏറ്റുവാങ്ങി നന്ദി പറഞ്ഞാണ് ഓരോ പര്യടന കേന്ദ്രങ്ങളിലും സന്ദർശിക്കുന്ന അടൂർ പ്രകാശ് മടങ്ങുന്നത്. ഇന്ന് അരുവിക്കര, വെള്ളനാട്, പൂവച്ചൽ, കുറ്റിച്ചൽ പഞ്ചായത്തുകളിലാണ് പര്യടനം നടത്തുന്നത്.

ആറ്റിങ്ങൽ പാർലമെൻറ് മണ്ഡലത്തിലെ എൻഡിഎ സ്ഥാനാർഥി വി. മുരളീധരനും ഇന്നലെ വൻ സ്വീകരണമാണ് മണ്ഡലത്തിൽനിന്നും ലഭിച്ചത്. പ്രവർത്തകരും പൊതുജനങ്ങളുമടക്കം നിരവധി പേരാണ് പ്രചാരണത്തിന് അദ്ദേഹത്തെ അനുഗമിക്കുന്നത്.




*ലോക്സഭാ തിരഞ്ഞെടുപ്പ് സ്വീപ് സംഘടിപ്പിച്ച പരിപാടി*

## കൊടുംചൂടിൽ ആശ്വാസമായി വേനൽമഴയെത്തുന്നു; മൂന്നു ജില്ലകളിൽ യെല്ലോ അലർട്ട്

തിരുവനന്തപുരം: സംസ്ഥാനത്ത് കൊടുംചൂടിന് ആശ്വാസമായി വടക്കൻ ജില്ലകളിൽ മഴയെത്തുന്നു. കോഴിക്കോട്, വയനാട്, കണ്ണൂർ എന്നീ ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് യെല്ലോ അലർട്ട് പ്രഖ്യാപിച്ചു.

ഒറ്റപ്പെട്ട ശക്തമായ മഴയ്ക്കുള്ള സാധ്യതയാണ് പ്രവചിക്കപ്പെട്ടിരിക്കുന്നത്. 24 മണിക്കൂറിൽ 64.5 മില്ലിമീറ്റർ മുതൽ 115.5 മില്ലിമീറ്റർ വരെ മഴ ലഭിക്കുന്ന സാഹചര്യത്തെയാണ് ശക്തമായ മഴ എന്നത് കൊണ്ട് അർഥമാക്കുന്നത്.

ഇന്നും വ്യാഴാഴ്ചയും കേരളത്തിൽ ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോടു കൂടിയ മഴയ്ക്കും, വ്യാഴാഴ്ച മുതൽ ശനിയാഴ്ച വരെ ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോടു കൂടിയ മഴയ്ക്കൊപ്പം മണിക്കൂറിൽ 30 മുതൽ 40 കി. മീ വരെ വേഗതയിൽ വീശിയേക്കാവുന്ന ശക്തമായ കാറ്റിനും സാധ്യതയുണ്ടെന്നും കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.

## കാർ തടഞ്ഞ് ദമ്പതികളെ ആക്രമിച്ച സംഘം പിടിയിൽ

പേരൂർക്കട: കാർ തടഞ്ഞുനിർത്തി ദമ്പതികളെ ആക്രമിച്ച സംഘത്തെ പേരൂർക്കട പോലീസ് പിടികൂടി. വട്ടിയൂർക്കാവ് തുരുത്തുമ്മൂല മാമ്പഴക്കുന്ന് ചെറുപാലോട് ക്ഷേത്രത്തിനു സമീപം തെക്കുംകര പുത്തൻ വീട്ടിൽ മഹേഷ് (21), കരകുളം കിഴക്കേല ചെക്കക്കോണം തോപ്പിൽവിള പുത്തൻവീട്ടിൽ അരവിന്ദ് (20) എന്നിവരാണ് പിടിയിലായത്. ഈമാസം 15നാണ് കേസിന്നാസ്പദമായ സംഭവം.

തിരുവനന്തപുരം സ്വദേശി രാജേഷും ഭാര്യയുമാണ് ആക്രമണത്തിന് ഇരയായത്. പേരൂർക്കട ജംഗ്ഷനു സമീപത്തെ ഒരു ടെക്സ്റ്റൈൽസിന് മുന്നിലെത്തിയപ്പോൾ വാഹനം തടഞ്ഞുനിർത്തിയ ശേഷം പ്രതികൾ രാജേഷിനെയും ഭാര്യയെയും ചവിട്ടിപ്പരിക്കേൽപ്പിക്കുകയായിരുന്നു.മുൻ വൈരാഗ്യമാണ് ആക്രമണത്തിന് കാരണമായത്. ദമ്പതികൾ നൽകിയ പരാതിയെ തുടർന്ന് നടത്തിയ അന്വേഷണത്തിനൊടുവിൽ അറസ്റ്റിലായ പ്രതികളെ കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.

## തെരഞ്ഞെടുപ്പ്; 26ന് തിരുവനന്തപുരം ജില്ലയിലെ എല്ലാ ആരോഗ്യ കേന്ദ്രങ്ങളും തുറന്നു പ്രവർത്തിക്കും

തിരുവനന്തപുരം: ലോക്സഭാ തെരഞ്ഞെടുപ്പിനോട് അനുബന്ധിച്ച് 26ന് തിരുവനന്തപുരം ജില്ലയിലെ യുപിഎച്ച്സി, സബ് സെൻറർ ഉൾപ്പെടെയുള്ള എല്ലാ ആരോഗ്യ കേന്ദ്രങ്ങളും തുറന്നു പ്രവർത്തിക്കും. ജില്ലാ മെഡിക്കൽ ഓഫീസറുടെ അറിയിപ്പിലാണ് ഇക്കാര്യം വ്യക്തമാക്കിയത്.

രാവിലെ എട്ടു മുതൽ വൈകിട്ട് അഞ്ചു വരെയാണ് ആരോഗ്യ സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിക്കുക. ഇലക്ഷനുമായി ബന്ധപ്പെട്ട അടിയന്തര മെഡിക്കൽ സേവനങ്ങൾക്കായി ഒരു സ്പെഷൽ സെൽ പ്രവർത്തിക്കുമെന്നും ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു.

തെരഞ്ഞെടുപ്പ് കണക്കിലെടുത്ത് ജില്ലാ കളക്ടറുടെ നിർദേശപ്രകാരമാണ് നടപടി.

## പ്രായപൂർത്തിയാകാത്ത പെൺകുട്ടിക്കു പീഡനം; 25 കാരനു 32 വർഷം തടവ്

ചേർത്തല: പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ ലൈംഗികമായി പീഡിപ്പിച്ചെന്ന കേസിൽ പ്രതിയായി 25 കാരനു 32 വർഷം തടവും 1.80 ലക്ഷം രൂപ പിഴയും ശിക്ഷ വിധിച്ചു. അരൂർ പോലീസ് രജിസ്റ്റർ ചെയ്ത കേസിൽ എഴുപുന്ന പഞ്ചായത്ത് ഒന്നാം വാർഡിൽ കാട്ടേഴത്ത് കോളനിയിൽ ജ്യോതിഷിനെയാണ് വിവിധ വകുപ്പുകളിലായി ചേർത്തല പ്രത്യേക അതിവേഗ കോടതി (പോക്സോ) ജഡ്ജി ശിക്ഷിച്ചത്. ശിക്ഷ ഒരുമിച്ച് 20 വർഷം അനുഭവിച്ചാൽ മതി. പിഴ അടയ്ക്കാത്ത പക്ഷം ഒരു വർഷം തടവു കൂടി അനുഭവിക്കണം.

2019ലാണ് കേസിനാസ്പദമായ സംഭവം. 15 വയസുള്ള പെൺകുട്ടിയുമായി അടുപ്പം സ്ഥാപിച്ച പ്രതി കറങ്ങാൻ പോകാം എന്ന് പറഞ്ഞ് വിശ്വസിപ്പിച്ച് എരമല്ലൂരിൽ നിന്നു പെൺകുട്ടിയെ മോട്ടോർ സൈക്കിളിൽ കയറ്റി ചേർത്തല തങ്കി കവലയ്ക്കടുത്ത് പ്രതിയും കുടുംബവും വാടകയ്ക്ക് താമസിച്ചിരുന്ന വീട്ടിലെത്തിച്ചു ലൈംഗികാതിക്രമം നടത്തുകയായിരുന്നെന്നാണ് കേസ്. പ്രതി മറ്റൊരു പോക്സോ കേസിൽ പ്രതിയാണ്. വധശ്രമം ഉൾപ്പെടെയുള്ള കേസുകളിലെ പ്രതിയാണെന്നു പോലീസ് പറഞ്ഞു.

# 50 ലക്ഷം കോടിയുടെ കേന്ദ്ര ബജറ്റിൽനിന്ന് കേരളത്തിന് 5,000 കോടി കൊടുക്കാൻ ഒരു പാടുമില്ല: കണ്ണന്താനം

തിരുവനന്തപുരം: കേന്ദ്ര സർക്കാർ അവതരിപ്പിക്കുന്ന 50 ലക്ഷം കോടിയുടെ ബജറ്റിൽ കേരളത്തിൻറെ തീരമേഖലയ്ക്കുള്ള സമഗ്ര പുരോഗതിയ്ക്ക് 5,000 10,000 കോടി രൂപ കൊടുക്കാൻ ഒരു പാടുമില്ലെന്നു മുൻ കേന്ദ്രമന്ത്രിയും ബിജെപി നേതാവുമായ അൽഫോൺസ് കണ്ണന്താനം.

തിരുവനന്തപുരത്തു മത്സരിക്കുന്ന എൻഡിഎ സ്ഥാനാർഥി രാജീവ് ചന്ദ്രശേഖർ ജയിച്ചാൽ പ്രധാനമന്ത്രിയുമായി ചർച്ച നടത്തിയും വിവിധ മന്ത്രാലയങ്ങളുടെ പിറകേ നടന്നും ഇതൊക്കെ നേടിയെടുക്കാനാകും.എന്നാൽ, ഇപ്പോഴത്തെ എംപിയും സംസ്ഥാന സർക്കാരും ഇതൊന്നും ചെയ്യുന്നില്ല. ഓരോ പദ്ധതിയുടെയും പിറകേ നടന്നാൽ മാത്രമേ കൊണ്ടുവന്നു നടപ്പാക്കി പൂർത്തീകരിക്കാനാകൂ.

തീരദേശ മേഖലയുടെ സമഗ്ര വികസനത്തിനുള്ള ബ്ലുപ്രിൻറ് രാജീവ് ചന്ദ്രശേഖർ തയാറാക്കി.

കടലാക്രമണം തടയുന്നതിനുള്ള കടൽ ഭിത്തികൾ, വീടുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ, ഫിഷിംഗ് ഹാർബറുകൾ, വലകൾ, ബോട്ടുകൾ തുടങ്ങിയവ ഉൾപ്പെടുന്ന ബ്ലൂപ്രിൻറാണ് തയാറാക്കിയിട്ടുള്ളത്. കേന്ദ്ര സർക്കാരിൻറെ ബ്ലൂ ഇക്കോണിയുടെ അടിസ്ഥാനത്തിലും തീരദേശത്തിനു ഫണ്ട് ലഭിക്കും.

ആഭ്യന്തര വിമാനത്താവളത്തിലേക്കുള്ള 200 മീറ്റർ റോഡ് കടൽ കവർന്നിട്ട് കേന്ദ്രത്തിൽനിന്നു ഫണ്ട് സമയബന്ധിതമായി വാങ്ങിയെടുക്കാൻ നിലവിലെ എംപിക്കു കഴിഞ്ഞിട്ടില്ലെന്നും അദ്ദേഹം ആരോപിച്ചു.

തെരഞ്ഞെടുപ്പിൽ മത്സരിക്കുന്ന ഒരു സ്ഥാനാർഥിയും തെരഞ്ഞെടുപ്പു സത്യവാങ്മൂലത്തിൽ ആസ്തി സംബന്ധിച്ചു തെറ്റായ വിവരം സമർപ്പിക്കാറില്ലെന്നു രാജീവ് ചന്ദ്രശേഖർ തെറ്റായ ആസ്തി സമർപ്പിച്ചു എന്നതു സംബന്ധിച്ച ചോദ്യങ്ങൾക്കു മറുപടിയായി അൽഫോൺസ് കണ്ണന്താനം പറഞ്ഞു.

തെരഞ്ഞെടുപ്പു കമ്മീഷൻ ഇക്കാര്യം പരിശോധിക്കും. കോടതിയിൽ ചോദ്യം ചെയ്യപ്പെടും. എംപിയായാൽ സ്ഥാനത്തിനു പോലും ഭീഷണിയാണിത്. ഇതിനാൽ തെറ്റായ സത്യവാങ്മൂലം സമർപ്പിക്കാൻ സാധ്യതയില്ലെന്നും അദ്ദേഹം പറഞ്ഞു.

# ആവേശക്കടലായി ശശി തരൂരിൻെറ റോഡ്ഷോ

തിതിരുവനന്തപുരം പാർലമെൻറ് മണ്ഡലം യുഡിഎഫ് സ്ഥാനാർഥി ഡോ. ശശി തരൂരിന് വോട്ടഭ്യർഥിച്ച് കർണാടക ഉപമുഖ്യമന്ത്രി ഡി.കെ. ശിവകുമാറും മുസ്ലിം ലീഗ് സംസ്ഥാന പ്രസിഡൻറ് പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങളും തലസ്ഥാന നഗരിയിൽ. തരൂരിൻറെ റോഡ് ഷോയിൽ പങ്കെടുക്കാനായാണ് ഇരുവരുമെത്തിയത്.

ഇന്നലെ രാവിലെ 11.30 ഓടെ കരമന കിള്ളിപ്പാലത്തു നിന്നും പാളയത്തേയ്ക്ക് ആരംഭിച്ച ശശി തരൂരിൻറെ റോഡ് ഷോ ഡി.കെ ശിവകുമാർ ഉദ്ഘാടനം ചെയ്തു. താൻ ശശി തരൂരിൻറെ ആരാധകനാണെന്ന് അദ്ദേഹം ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. കേന്ദ്രമന്ത്രി എന്ന നിലയിൽ എൻഡിഎ സ്ഥാനാർഥി രാജീവ് ചന്ദ്രശേഖർ കേരളത്തിന് വേണ്ടി ഒന്നും ചെയ്തിട്ടില്ലെന്നും തരൂരിനെ തോൽപ്പിക്കാൻ രാജീവിന് കഴിയില്ലെന്നും ശിവകുമാർ പറഞ്ഞു.രാജ്യത്ത് നടക്കാനിരിക്കുന്നത് ജനാധിപത്യത്തെ സംരക്ഷിക്കാനുള്ള അവസാന യുദ്ധമാണെന്ന് മുസ്ലീം ലീഗ് സംസ്ഥാന പ്രസിഡൻറ് പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ പറഞ്ഞു. രാജ്യം ഏറെ അഭിമാനത്തോടെയും ആദരവോടെയും കാണുന്ന വ്യക്തിയാണ് ശശി തരൂർ. അദ്ദേഹത്തിൻറെ സേവനം രാജ്യത്തിനും ഈ നാടിനും ഇനിയും ആവശ്യമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

എം വിൻസൻറ് എംഎൽഎ, ഡിസിസി പ്രസിഡൻറ് പാലോട് രവി, മുൻ മന്ത്രി വി.എസ്. ശിവകുമാർ, നേതാക്കളായ എൻ. ശക്തൻ, ആർ. വത്സലൻ, ജി.എസ്. ബാബു, ടി. ശരത്ചന്ദ്രപ്രസാദ്, ജി. സുബോധൻ, ബീമാപ്പള്ളി റഷീദ് തുടങ്ങിയവർ സമ്മേളനത്തിൽ പങ്കെടുത്തു.

ഉദ്ഘാടന സമ്മേളനത്തിനു ശേഷം കിള്ളിപ്പാലത്തുനിന്ന് ആരംഭിച്ച് റോഡ് ഷോ ഉച്ചയ്ക്ക് ഒന്നോടെ പാളയം രക്തസാക്ഷി മണ്ഡപത്തിൽ സമാപിച്ചു. റോഡ് ഷോയിൽ പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ പങ്കെടുത്തു. നൂറുകണക്കിന് കെഎസ്‌യു, യൂത്ത് കോൺഗ്രസ് പ്രവർത്തകരുടെ ബൈക്ക് റാലിയുമുണ്ടായിരുന്നു.

# ഇക്കുറി തിരഞ്ഞെടുപ്പ് ഭിന്നശേഷിസൗഹൃദം; തുണയായി സാക്ഷം ആപ്പ്

തിരുവനന്തപുരം: പോളിങ് ബൂത്തിലെ തിക്കും തിരക്കും അസൗകര്യങ്ങളും ഓർത്ത് ഭിന്നശേഷിക്കാർ ഇക്കുറി വോട്ട് ചെയ്യാൻ മടിക്കരുത്. റാംപും വീൽചെയറും മുതൽ ആപ്പ് വരെ ഒരുക്കിയാണ് ഭിന്നശേഷിക്കാരുടെ വോട്ടെടുപ്പിലെ മികച്ച പങ്കാളിത്തം ഉറപ്പാക്കാൻ തിരഞ്ഞെടുപ്പ് കമ്മീഷൻ ശ്രമിക്കുന്നത്.

ഭിന്നശേഷി വോട്ടർമാരുടെ രജിസ്ട്രേഷൻ മുതൽ വോട്ടെടുപ്പ് ദിനത്തിൽ വീൽചെയർ ലഭ്യമാക്കുന്നതിന് അപേക്ഷ നൽകുന്നത് വരെയുള്ള വിവിധ സേവനങ്ങൾ ലഭ്യമാക്കുന്നതിനാണ് തിരഞ്ഞെടുപ്പ് കമ്മീഷൻ സക്ഷം ആപ്പ് സജ്ജമാക്കിയതെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ പറഞ്ഞു. എല്ലാവരെയും ഉൾക്കൊള്ളുന്ന രീതിയിൽ ജനാധിപത്യത്തെ ശക്തിപ്പെടുത്താനാണ് കമ്മീഷന്റെ ശ്രമമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

ആപ്പ് ഡൗൺലോഡ് ചെയ്ത് ഇൻസ്റ്റാൾ ചെയ്താൽ ഭിന്നശേഷിക്കാർക്ക് അവരെക്കുറിച്ചുള്ള വിശദവിവരങ്ങൾ സവിശേഷമായി ഡിസൈൻ ചെയ്ത ഈ ആപ്പ് വഴി തിരഞ്ഞെടുപ്പ് കമ്മീഷനെ അറിയിക്കാനും അതുവഴി സേവനങ്ങൾ എളുപ്പത്തിൽ ലഭ്യമാക്കാനും കഴിയും.

പുതിയ വോട്ടർ രജിസ്ട്രേഷനുള്ള അപേക്ഷ, ഭിന്നശേഷിയുള്ള വ്യക്തിയായി അടയാളപ്പെടുത്താനുള്ള അഭ്യർത്ഥന, ഒരു സ്ഥലത്ത് നിന്ന് മറ്റൊരു സ്ഥലത്തേക്ക് വോട്ടുമാറ്റത്തിനുള്ള അപേക്ഷ, തിരുത്തലുകൾക്കുള്ള അപേക്ഷ, സ്റ്റാറ്റസ് ട്രാക്കിംഗ്, ഭിന്നശേഷിക്കാർക്കുള്ള സൗകര്യങ്ങൾ അറിയൽ, വീൽ ചെയറിനുള്ള അഭ്യർത്ഥന, വോട്ടർ പട്ടികയിൽ പേര് തിരയൽ, പോളിംഗ് സ്റ്റേഷൻ ഏതെന്ന് അറിയൽ, ബൂത്ത് ലൊക്കേറ്റ് ചെയ്യൽ, പരാതികൾ രജിസ്റ്റർ ചെയ്യുക തുടങ്ങിയവക്കായി ആപ്ലിക്കേഷൻ ഉപയോഗിക്കാം. സാക്ഷം ആപ്പ് ഗൂഗിൾ പ്ലേ സ്റ്റോറിലും ആപ്പിൾ സ്റ്റോറിലും ലഭ്യമാണ്.

കാഴ്ചപരിമിതിയുള്ളവർക്ക് ശബ്ദസഹായവും കേൾവി പരിമിതിയുള്ളവർക്കായി ടെക്സ്റ്റ് ടു സ്പീച്ച് സൗകര്യവും ആപ്പിൽ ലഭ്യമാക്കിയിട്ടുണ്ട്.

ഭിന്നശേഷിക്കാർക്ക് ആപ്പ് ഉപയോഗം എളുപ്പമാക്കുന്നതിന് വലിയ ഫോണ്ടും കോൺട്രാസ്റ്റുള്ള നിറങ്ങളും ഒക്കെയാണ് ആപ്പിൽ ഉപയോഗിച്ചിരിക്കുന്നത്. പോളിങ് ബൂത്ത് കണ്ടെത്തൽ, അതിന്റെ ലൊക്കേഷൻ, അവിടേക്കെത്താനുള്ള മാർഗങ്ങൾ, വോട്ടെടുപ്പ് ഉദ്യോഗസ്ഥരെ ബന്ധപ്പെടാനുള്ള വിവരങ്ങൾ എന്നിവ ആപ്പ് വഴി ലഭിക്കും.

തിരഞ്ഞെടുപ്പ് പ്രക്രിയയിലെ പങ്കാളിത്തത്തിന് തടസ്സമാകുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് പരാതി നൽകാനുള്ള സൗകര്യവും ആപ്പിൽ ഏർപ്പെടുത്തിയിട്ടുണ്ട്. പോളിങ് ബൂത്തുകളെ ഭിന്നശേഷി സൗഹൃദമാക്കുന്നതിന്റെ ഭാഗമായി റാംപുകൾ സ്ഥാപിക്കാനും തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദേശം നൽകിയിട്ടുണ്ട്.

## സമ്പൂർണ സാക്ഷരതാ പ്രഖ്യാപനദിനാ ദിനാചരണം

തിരുവനന്തപുരം: കേരള സംസ്ഥാന സാക്ഷരതാമിഷന്റെ ആഭിമുഖ്യത്തിൽ കേരളം സമ്പൂർണ സാക്ഷരത കൈവരിച്ചതിന്റെ പ്രഖ്യാപന ദിനാചരണം സംഘടിപ്പിക്കും.പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം വ്യാഴാഴ്ച രാവിലെ 10.30 ന് തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് വെർചാൽ ഹാളിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് ഡയറക്ടർ കെ ജയകുമാർ നിർവഹിക്കും. നടനും തിരക്കഥാകൃത്തും സംവിധായകനുമായ ശങ്കർ രാമകൃഷ്ണൻ മുഖ്യതിഥിയാകും.കേരള സംസ്ഥാന ചലചിത്ര അക്കാദമിയുടെ സഹകരണത്തോടെ സംഘടിപ്പിക്കുന്ന പരിപാടിയിൽ ശ്രുതി ശരണ്യം സംവിധാനം ചെയ്ത ചലചിത്രം ബി 32 മുതൽ 44 വരെ പ്രദർശിപ്പിക്കും. തുടർന്ന് സിനിമ ചർച്ച സംഘടിപ്പിക്കും. ഡോക്യുമെന്ററി സംവിധായിക ബിന്ദു സാജൻ സിനിമ ചർച്ച നയിക്കും.കേരള സംസ്ഥാന സാക്ഷരതാമിഷൻ ഡയറക്ടർ ഒലീന എ ജി, ജില്ലാ പഞ്ചായത്ത് സെക്രട്ടറി (ഇൻചാർജ്ജ്)അനിൽകുമാർ ടി എന്നിവർ സന്നിഹിതരാകും. ജില്ലാ സാക്ഷരതാമിഷന്റെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലും വിവിധ പരിപാടികൾ സംഘടിപ്പിക്കും.

# ലോക്സഭ തിരഞ്ഞെടുപ്പ്: വ്യാജ വാർത്തകൾ പ്രതിരോധിക്കാൻ മിത്ത് വേഴ്സസ് റിയാലിറ്റി രജിസ്റ്റർ

തിരുവനന്തപുരം: ലോക്സഭ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് വ്യാജവാർത്തകളും തെറ്റായ വിവരങ്ങളും പ്രചരിക്കുന്നത് തടയാൻ മിത്ത് വേഴ്സസ് റിയാലിറ്റി രജിസ്റ്ററുമായി തിരഞ്ഞെടുപ്പ് കമ്മീഷൻ. ഡിജിറ്റൽ കാലത്ത് തെറ്റായ വിവരങ്ങളും വ്യാജവാർത്തകളും വോട്ടർമാരെ സ്വാധീനിക്കാതിരിക്കാനും സ്വതന്ത്രവും നീതിയുക്തവുമായ തിരഞ്ഞെടുപ്പ് പ്രക്രിയ ഉറപ്പുവരുത്താനുമുള്ള ശ്രമങ്ങളുടെ ഭാഗമായാണ് തിരഞ്ഞെടുപ്പ് കമ്മീഷൻ മിത്ത് വേ ഴ്സസ് റിയാലിറ്റി വെബ്സൈറ്റ് സജ്ജമാക്കിയതെന്ന് മുഖ്യതിരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ പറഞ്ഞു. തിരഞ്ഞെടുപ്പ് കാലത്ത് സുതാര്യത, കൃത്യത, ഉത്തരവാദിത്തോടെയുള്ള ആശയവിനിമയം എന്നിവ ഉറപ്പാക്കുകയാണ് കമ്മീഷന്റെ ലക്ഷ്യം. വ്യാജ സന്ദേശങ്ങൾക്ക് പിന്നിലെ യഥാർഥ വസ്തുത മനസ്സിലാക്കാൻ വെബ്സൈറ്റ് പൊതുജനങ്ങൾക്കും മാധ്യമങ്ങൾക്കും ഏറെ സഹായകരമാവും.

ൃവേ്ക്ഷലമഹൃ്യലരശ.ഴീ്/ എന്ന വെബ്സൈറ്റ് സന്ദർശിച്ചാൽ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് നിലവിൽ രാജ്യത്ത് പ്രചരിക്കുന്ന വ്യാജവാർത്തകളുടെയും തെറ്റായ പ്രചാരണങ്ങളുടെയും വാസ്തവം മനസ്സിലാക്കാനാവും. ഇലക്ട്രോണിക് വോട്ടിങ് മെഷീൻ, വിവിപാറ്റ്, വോട്ടർപട്ടിക, വോട്ടർമാർക്കുള്ള സേവനങ്ങൾ, തിരഞ്ഞെടുപ്പ് പ്രക്രിയ, മറ്റുള്ളവ എന്നിങ്ങനെ വിവിധ വിഭാഗങ്ങൾ വെബ്സൈറ്റിലുണ്ട്. ഓരോ വിഭാഗത്തിലെയും വ്യജസന്ദേശം, ശരിയായ വസ്തുത, തിരഞ്ഞെടുപ്പ് കമ്മീഷൻ സ്വീകരിച്ച നടപടി എന്നിവ സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. വ്യാജവാർത്തകളുടെയും സന്ദേശങ്ങളുടെയും ചിത്രങ്ങൾ, സക്രീൻഷോട്ടുകൾ, വീഡിയോകൾ, വാർത്ത ക്ലിപ്പുകൾ എന്നിവയൊക്കെ സൈറ്റിൽ കാണാം. വസ്തുതൾ പരിശോധിക്കാൻ ആധാരമാക്കിയ റഫറൻസ് രേഖകളും വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. ഓരോ സംസ്ഥാനത്തെയും മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറുടെ നേതൃത്വത്തിൽ അതത് സംസ്ഥാനങ്ങളിലെ വിവിധ മീഡിയ പ്ലാറ്റ് ഫോമുകളിൽ പ്രചരിക്കുന്ന വ്യാജവാർത്തകളും സന്ദേശങ്ങളും കണ്ടെത്തി ഫാക്ട് ചെക്ക് നടത്തി മറുപടികൾ തയ്യാറാക്കി അതത് ദിവസം ഗൂഗിൾ ഫോം വഴി അപ്ഡേറ്റ് ചെയ്താണ് വെബ്സൈറ്റിൽ വിവരങ്ങൾ ലഭ്യമാക്കുന്നത്.

## കീം 2024 അപേക്ഷ തീയതി നീട്ടി

തിരുവനന്തപുരം: 202425 അധ്യയന വർഷത്തേക്കുള്ള കേരള എഞ്ചിനീയറിംഗ്/ ആർക്കിടെക്ചർ/ ഫാർമസി/ മെഡിക്കൽ ആൻഡ് മെഡിക്കൽ അലൈഡ് കോഴ്സുകളിലേക്കുള്ള (ഗ്ലഋഅങ 2024) പ്രവേശനത്തിനുള്ള അപേക്ഷ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള അവസാന തീയതി ഏപ്രിൽ 19നു വൈകിട്ട് അഞ്ചുവരെ നീട്ടി. ഇതുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ www.cee.kerala.gov.in ൽ പ്രസിദ്ധീകരിച്ച മാർച്ച് 27 ലെ വിജ്ഞാപനത്തിൽ ലഭിക്കും.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# പോസിറ്റീവ് ചിന്തകൾ നിറയട്ടെ

**ചമയങ്ങൾക്കപ്പുറം**



സുനിത ഒലീവിയ

'നമ്മൾ ഓരോരുത്തരും എന്തെല്ലാം കാര്യങ്ങൾ ഉപേക്ഷിക്കണം.അമിത ചിന്ത, പ്രതീക്ഷ ഇല്ലായ്മ, അമിത പ്രതീക്ഷ....'

നൂറ് ശതമാനം പൂർണതയോടെ ജീവിക്കുക എന്നത് ആരാലും സാധ്യമായ കാര്യമല്ല.... പ്രശ്നങ്ങളും പ്രതിസന്ധികളും ജീവിത സാഹചര്യങ്ങളും നമ്മുടെ പ്രവൃത്തിയേയും ചിന്തയേയും സ്വാധീനിക്കുന്നുണ്ട്. ജീവിതത്തോടുള്ള മനോഭാവമാണ് ഓരോരുത്തരുടെയും വ്യക്തിത്വത്തെ നിർവചിക്കുന്നത്. നാമറിയാതെ നമ്മുടെ ഒപ്പം കൂടിയിരിക്കുന്ന(കൂട്ടുക്കാർ,ബന്ധുമിത്രാദികൾ,അയൽക്കാർ,ഭർത്താവ് അല്ലെങ്കിൽ ഭാര്യ) ചില മനോനിലകൾ ജീവിതത്തിലെ സകല ശുഭാപ്തിവിശ്വാസവും ഇല്ലാതാക്കുന്ന തരത്തിലുള്ളവരാവാം. ഒന്ന് ശ്രദ്ധിച്ചാൽ ഇവയെല്ലാം മാറ്റിവച്ച് ജീവിതം പോസിറ്റീവാക്കി സന്തോഷം നിറയ്ക്കാൻ സാധിക്കും......

തെറ്റ് സംഭവിക്കാത്ത മനുഷ്യരില്ല. ഇത് തിരിച്ചറിഞ്ഞ് മറ്റുള്ളവരോട് ക്ഷമിക്കാനാവണം. വിദ്വേഷം ജീവിതത്തിന്റെ ശോഭ കെടുത്താനേ ഉപകരിക്കൂ. മറ്റുള്ളവരോടുള്ള പക അറിഞ്ഞോ അറിയാതെയോ നിങ്ങളുടെ പെരുമാറ്റത്തിലും പ്രവൃത്തികളിലും പ്രതിഫലിക്കും. അത് നമ്മുടെ സൗന്ദര്യത്തിൽ പോലും ഏറ്റക്കുറച്ചിലുകൾ ഉണ്ടാവും.പിന്നീട് നിങ്ങളുടെ വ്യക്തിത്വമായി വിലയിരുത്തപ്പെടുകയും ചെയ്യും. മറ്റുള്ളവർ നിങ്ങളോട് തെറ്റ് ചെയ്താൽ അതും അവരോട് തുറന്നു സംസാരിച്ച് എത്രയും പെട്ടെന്ന് പരിഹരിക്കാൻ ശ്രമിക്കണം.നമ്മുടെ ഹൃദയമിടിപ്പിന്റെ താളം തെറ്റിക്കും,എപ്പോഴും നമ്മുടെ മുഖത്ത് സന്തോഷം ഇല്ലായ്മ പ്രകടമാവും,മറ്റുള്ളവരോട് എപ്പോഴും ദേഷ്യസ്വഭാവം ആയിരിക്കും....ആയതിനാൽ എത്രയും വേഗം മറ്റുള്ളവരോടുള്ള വെറുപ്പോ വിദ്വേഷമോ നമ്മളിൽ ഉണ്ടെങ്കിൽ അവരോട് നിരപ്പ് പ്രാപിക്കുകയും ,മാപ്പ് നൽകി മനസ്സിൽ പക നിറയാനുള്ള സാഹചര്യം ഒഴിവാക്കുകയും ചെയ്യാം...

തെറ്റുകൾ സംഭവിക്കുന്നത് സ്വാഭാവികമാണ്. എന്നാൽ ഈ തെറ്റുകൾ ആവർത്തിക്കപ്പെടുമോ എന്ന് ചിന്തിച്ചിരുന്നാൽ ജീവിതം ആസ്വദിക്കാനാവാത്ത വിധം മനസ്സ് കലുഷിതമാകും. ഒരിക്കൽ സംഭവിച്ച തെറ്റ് ഇനി ആവർത്തിക്കില്ല എന്ന ചിന്തയാണ് വേണ്ടത്. ആത്മവിശ്വാസക്കുറവ് നമ്മുടെ പോസിറ്റീവ് എനർജി ഇല്ലാതാക്കുന്നതിന് മാത്രമേ വഴിവയ്ക്കൂ. ഉള്ളിലെ കഴിവുകളെ പ്രാർത്ഥനയോടെ പ്രകാശിപ്പിക്കാൻ എപ്പോഴും ശ്രമിക്കുക.

ഒരു കാര്യം ഉദ്ദേശിച്ച രീതിയിൽ നടന്നില്ലെങ്കിൽ ജീവിതത്തിലെ എല്ലാ പ്രതീക്ഷകളും നഷ്ടപ്പെടുന്നവരുണ്ട്. കാര്യങ്ങൾ പ്രതികൂലമാകുമ്പോൾ എല്ലാവർക്കും മന:സംഘർഷം അനുഭവപ്പെടും. എന്നാൽ കാര്യങ്ങൾ അനുകൂലമാക്കാനുള്ള മാർഗം എന്ത് എന്നാണ് ചിന്തിക്കേണ്ടത്. നിങ്ങളിലെ പ്രതീക്ഷ ഇല്ലായ്മ മുഖഭാവത്തിൽ പോലും പ്രതിഫലിക്കുമെന്ന് ഓർക്കുക. നടക്കാതെപോയ കാര്യങ്ങൾ ഓർത്ത് സ്വയം ഉൾവലിഞ്ഞു വിഷമിക്കുന്നതിനുപകരം ഇന്നോളം സാധ്യമായ കാര്യങ്ങളുടെ കണക്കെടുക്കുകയാണ് വേണ്ടത് എന്തും അമിതമാകുന്നത് വിഷം ആണെന്നാണല്ലോ പഴഞ്ചൊല്ല്. അമിത പ്രതീക്ഷയുടെ കാര്യവും അങ്ങനെയാണ്. പ്രത്യേകിച്ച് മറ്റുള്ളവരുമായി ഇടപഴകുമ്പോൾ അവരുടെ പ്രതികരണമോ പെരുമാറ്റമോ പ്രവൃത്തിയോ എങ്ങനെയാകണം എന്നതിനെക്കുറിച്ച് അമിത പ്രതീക്ഷ വച്ചുപുലർത്തുന്നത് വലിയ വിഷമങ്ങൾക്ക് കാരണമായെന്ന് വരാം. ഒരു കുടുംബത്തിലെ അംഗങ്ങളാണെങ്കിൽ പോലും കാര്യങ്ങൾ കൈകാര്യം ചെയ്യുന്നത് വ്യത്യസ്ത രീതിയിലായിരിക്കുമെന്ന് ഓർക്കുക.കൂട്ടുകാരുടെ ഇടയിലും അമിത പ്രതീക്ഷ വെച്ചു പുലർത്താതിരിക്കുക,, അതിനാൽ മറ്റുള്ളവരെക്കുറിച്ച് അമിത പ്രതീക്ഷവച്ചു പുലർത്താതെ യാഥാർഥ്യബോധത്തോടെ മാത്രം പെരുമാറാൻ ശ്രമിക്കുക. അല്ലാത്തപക്ഷം വലിയ നിരാശയിലേയ്ക്കും അപകർഷതാ ബോധത്തിലേയ്ക്കും അത് നിങ്ങളെ തള്ളിവിടും. ഈ സാഹചര്യങ്ങളിലെല്ലാം... നെഗറ്റിവിറ്റി നമ്മൾ മറ്റുള്ളവരിലേക്കും പകർന്നുനൽകുന്നു. നിങ്ങളുടെ സാമിപ്യം മറ്റുള്ളവർക്ക് ആശ്വാസവും ആനന്ദവും നൽകുന്നതാകണമെങ്കിൽ നിങ്ങളുടെ ചിന്താഗതി ശുഭാപ്തിവിശ്വാസവും,മറ്റുള്ളവരോടുള്ള സ്നേഹവും ഉള്ളതാകണം. വിപരീത ചിന്തകളിലൂടെ ഒരിക്കലും പോസിറ്റീവ് എനർജി ഉള്ളിൽ നിറയ്ക്കാൻ സാധിക്കില്ലെന്ന് ഓർമിക്കുക.

*(ലേഖിക (NHRO) സ്റ്റേറ്റ് ജന. സെക്രട്ടറിയാണ്)*

# മാറിമറിയുന്ന കോന്നിമനസിൽ ഇടം നേടാൻ

കോന്നി: കോന്നിയുടെ ജനവിധി പലപ്പോഴും വ്യക്തമായ രാഷ്ട്രീയ കാഴ്ചപ്പാടോടെയായിരിക്കും. ഇടത്തോട്ടോ, വലത്തോട്ടോ ചായാൻ ഒരു പരിഭ്രമവും കോന്നിക്കാർക്കില്ല. പൊതുവായ രാഷ്ട്രീയ ചിന്താഗതിക്കു വിരുദ്ധമായിട്ടായിരിക്കും പലപ്പോഴും കോന്നിയുടെ ജനവിധി.

പഴയ കോന്നിയുടെയും 2009നുശേഷമുള്ള മണ്ഡലത്തിൻറെയും സാഹചര്യം ഇതാണ്. കോന്നി അസംബ്ലി മണ്ഡലത്തെ എൽഡിഎഫും യുഡിഎഫും നിയമസഭയിൽ പ്രതിനിധീകരിച്ചിട്ടുണ്ട്. 1965 മുതൽ 2006 വരെ നിലവിലുണ്ടായിരുന്ന മണ്ഡലമല്ല 2009 മുതലുള്ളത്. കോന്നിയിൽ പുതിയ താലൂക്ക് വന്നതിനു പിന്നാലെ മണ്ഡലത്തിൻറെ ഭൂപടം തന്നെ മാറി.

പഴയ റാന്നിയുടെയും അടൂരിൻറെയും പത്തനംതിട്ടയുടെയുമൊക്കെ ഭാഗങ്ങൾ കോന്നിയിലുണ്ട്. കോന്നി, റാന്നി, അച്ചൻകോവിൽ വനം ഡിവിഷനുകൾ മണ്ഡലത്തിൻറെ അതിർത്തികളായുണ്ട്. വിസ്തൃതിയിൽ കേരളത്തിൽ തന്നെ മുൻപന്തിയിലുള്ള മണ്ഡലത്തിൽ രണ്ടുലക്ഷത്തിൽപരം വോട്ടർമാരുമുണ്ട്. ഗവി മുതൽ ഏനാദിമംഗലം വരെ നീളുന്നതാണ് അതിർത്തി.

ഇക്കുറി 2,00, 850 വോട്ടർമാരുണ്ട്. ഇതിൽ 94,545 പുരുഷൻമാരും 1,06,304 സ്ത്രീകളും ഒരു ട്രാൻസ്ജെൻഡർ വോട്ടർമാരുമാണ് മണ്ഡലത്തിലുള്ളത്. ഇവരിൽ 1224 പുരുഷൻമാരും 1237 സ്ത്രീകളും കന്നി വോട്ടർമാരായുണ്ട്.

കേന്ദ്രീയ വിദ്യാലയം തിലകക്കുറിയാക്കി ആൻറോ ആൻറണി

കോന്നിയിലെ കേന്ദ്രീയ വിദ്യാലയമാണ് സിറ്റിംഗ് എംപിയായ ആൻറോ ആൻറണി പ്രധാന നേട്ടമായി ഉ!യർത്തിക്കാട്ടുന്നത്. രാജ്യത്തു തന്നെ ഏറ്റവും ആധുനികമായി നിർമിച്ച കെട്ടിടമാണ് കോന്നി കേന്ദ്രീയ വിദ്യാലയത്തിൻറേത്.

# മഴക്കാലപൂർവ ശുചീകരണം: വാർഡുകൾ തോറും കർമപദ്ധതി തയാറാക്കും

കോട്ടയം: മഴക്കാലപൂർവ ശുചീകരണ പ്രവൃത്തികളുടെ ഭാഗമായി തദ്ദേശ വകുപ്പ് സെക്രട്ടറിമാരുടെ നേതൃത്വത്തിൽ വാർഡുകൾ തോറും കർമപദ്ധതി തയാറാക്കും.

മേയ് 20ന് മുമ്പ് മഴക്കാല പൂർവ ശുചീകരണപ്രവൃത്തികൾ പൂർത്തിയാക്കാനും തദ്ദേശസ്വയംഭരണ വകുപ്പ് ജോയിൻറ് ഡയറക്ടറുടെ ഓഫീസിൻറെ നേതൃത്വത്തിൽ നടന്ന ഓൺലൈൻ യോഗത്തിൽ തീരുമാനമായി. മാലിന്യം കുമിഞ്ഞുകിടക്കുന്ന ഇടങ്ങളിൽ( ഗാർബേജ് വൾനറബിൾ പോയിൻറ്) അവശേഷിക്കുന്ന മാലിന്യങ്ങൾ ഉടൻ നീക്കാനും യോഗത്തിൽ തീരുമാനമായി.

തൊഴിലുറപ്പ് പ്രവർത്തികളുടെ ഏപ്രിൽ, മേയ് മാസത്തെ കർമപദ്ധതിയിൽ തോടുകളുടെ ആഴംകൂട്ടൽ, നീരൊഴുക്ക് വർധിപ്പിക്കൽ പദ്ധതികൾക്കു പ്രാധാന്യം നൽകും. ഈ പ്രവർത്തികൾ 25നകം പൂർത്തിയാക്കും. തദ്ദേശസ്ഥാപന സെക്രട്ടറിമാരുടെ നേതൃത്വത്തിൽ എല്ലാ ദിവസവും പദ്ധതി പുരോഗതി വിലയിരുത്തും. ഹരിത കർമസേനാംഗങ്ങളുടെ ഭവനസന്ദർശനവേളയിൽ വീടുകളിൽ ജൈവമാലിന്യസംസ്കരണത്തിനുള്ള സംവിധാനമുണ്ടോയെന്നു വിലയിരുത്തും. മിനി എംസിഎഫുകൾ നിറഞ്ഞും സമീപത്തും നിക്ഷേപിച്ചിരിക്കുന്ന മാലിന്യങ്ങൾ നീക്കം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കാനും തീരുമാനമായി. ശുചിത്വമിഷൻ ജില്ലാ കോഓർഡിനേറ്റർ ലക്ഷ്മി പ്രസാദ്, ആരോഗ്യവകുപ്പ് ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ജെസി ജോയി സെബാസ്റ്റ്യൻ, തദ്ദേശ സ്വയംഭരണവകുപ്പ് സെക്രട്ടറിമാർ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

# Adani Family Completes Ambuja Warrant Subscription Infuses INR 20,000 Cr to increase stake to 70.3%

Ahmedabad : Ambuja Cements Ltd (Ambuja), the cement and building materials flagship company under Adani portfolio, is pleased to announce a significant development in its growth trajectory. The promoters of the Company - Adani family has fully subscribed to the warrants program in the Company by further infusing INR 8,339 Cr thereby infusing total amount of INR 20,000 Cr. Adani family have increased their stake in the Company by further 3.6% to 70.3%. This follows, the investment of INR 5,000 Cr on 18 October 2022 and INR 6,661 Cr on 28 Mar 2024, which was for part issuance of the shares.

This strategic move underscores unwavering commitment to have robust capital management philosophy for the portfolio companies and the latest investment testifies the commitment by Adani family to boost future prospects and potential of cement vertical. The additional investment will fortify the Company's financial position, providing it with enhanced capabilities to pursue its ambitious growth plans and capitalize on emerging opportunities in the market.

The funds infusion will be instrumental to accomplish the capacity of 140 million tonnes per annum by 2028 by the cement vertical. Further, it shall also enable various strategic initiatives including debottlenecking capex to enhance operational performance, as well as bringing efficiencies across resources, supply chain. This shall also drive innovation and product enhancement through advanced technology integration for better service offerings to tap the growing requirements of the sector driven by the growth in the Indian economy.

"We are thrilled to announce completion of Adani family's primary infusion of INR 20,000 Cr in Ambuja," said Mr. Ajay Kapur, Whole Time Director and CEO, Ambuja Cements Ltd. "This infusion of funds provides Ambuja, capital flexibility for fast-tracked growth, capital management initiatives and best-in-class balance sheet strength. It is not only testament to steadfast belief in our vision and business model but also reinforces our commitment to delivering long-term sustainable value creation to our stakeholders and this shall propel us towards setting new benchmarks accelerating our growth and continue to deliver on operational excellence, business synergies and cost leadership."

Barclays Bank PLC, MUFG Bank, Mizuho Bank and Standard Chartered Bank acted as advisor for the transaction.

About Ambuja Cements Limited

Ambuja Cements Limited, is one of India's leading cement companies and a member of the diversified Adani Group – the largest and fastest growing portfolio of diversified sustainable businesses. Ambuja, with its subsidiaries ACC Ltd. and Sanghi Industries Ltd has taken the Adani Group's cement capacity to 78.9 MTPA with 18 integrated cement manufacturing plants and 19 cement grinding units across the country. Ambuja has been recognised among 'India's Most Trusted Cement Brand' by TRA Research in its Brand Trust Report, 2024 and among 'Iconic Brands of India' by The Economic Times. Ambuja has provided hassle-free, home-building solutions with its unique sustainable development projects and environment-friendly practices since it started operations. The company has many firsts to its credit – a captive port with six terminals that has facilitated timely, cost-effective and cleaner shipments of bulk cement to its customers. To further add value to customers, the Company's innovative products like Ambuja Cement, Ambuja Plus, Ambuja Compocem and Ambuja Kawach are now enlisted in GRIHA product catalogue. These products not only fulfil important customer needs but also help in significantly reducing their carbon footprints. Being a frontrunner in sustainable business practices, Ambuja Cements ranks among 'India's Top 50 companies contributing to inclusive growth' by SKOCH and 'India's Top 50 Most Sustainable Companies' Cross-Industry by BW Businessworld.

# ആവേശ വിജയത്തോടെ രാജസ്ഥാൻ റോയൽസ്

കൊൽക്കത്ത: രാജസ്ഥാന് ഒറ്റയാൾ പോരാട്ടത്തിലൂടെ അവിസ്മരണീയ ജയം നേടിക്കൊടുത്ത് ജോസ് ബട്ലറുടെ മിന്നലാട്ടം. അവസാന പന്തോളം ആവേശം നിറഞ്ഞ മത്സരത്തിനൊടുവിൽ വിജയം രാജസ്ഥാൻ റോയൽസിനൊപ്പം നിന്നു. ഐപിഎല്ലിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ റൺ ചേസിൽ തങ്ങളുടെ മുൻ റെക്കോഡിനൊപ്പവും രാജസ്ഥാൻ എത്തി.

സുനിൽ നരൈന്റെ സെഞ്ചുറിയുടെ ബലത്തിൽ കൊൽക്കത്ത ഉയർത്തിയ 224 റൺസെന്ന കൂറ്റൻ വിജയലക്ഷ്യം ജോസ് ബട്ലറുടെ സെഞ്ചുറിയുടെ കരുത്തിൽ രാജസ്ഥാൻ അവസാന പന്തിൽ മറികടക്കുകയായിരുന്നു. നിശ്ചിത 20 ഓവറിൽ എട്ട് വിക്കറ്റ് നഷ്ടത്തിലാണ് രാജസ്ഥാൻ 224 റൺസെടുത്തത്. 60 പന്തിൽ 107 റൺസെടുത്ത് പുറത്താകാതെ നിന്ന ജോസ് ബട്ലറാണ് രാജസ്ഥാന്റെ ടോപ് സ്കോറർ.

കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെതിരെ ഒരു ഘട്ടത്തിൽ കൈവിട്ട മത്സരത്തിൽ ഇംപാക്ട് പ്ലെയറായി എത്തിയ ജോസ് ബട്ലർ രാജസ്ഥാന്റെ രക്ഷകനായി മാറുകയായിരുന്നു. സീസണിൽ ബട്ലർ സ്വന്തമാക്കുന്ന രണ്ടാം സെഞ്ചുറിയാണിത്. ഒമ്പത് ബൗണ്ടറിയും ആറ് സിക്സും സഹിതമാണ് ബട്ലർ 107 റൺസെടുത്തത്. 2024 ഇന്ത്യൻ പ്രീമിയർ ലീഗിലെ തന്നെ ഏറ്റവും മികച്ച ഇന്നിങ്സുകളിൽ ഒന്നാണ് ജോസ് ബട്ലർ കൊൽക്കത്തക്കെതിരെ പുറത്തെടുത്തത്. ആകെ 447 റൺസ് പിറന്ന മത്സരത്തിൽ നരെയ്നും ബട്ലറുമല്ലാതെ ഒരു ബാറ്റർ പോലും അർധ സെഞ്ചുറി പോലും നേടിയതുമില്ല. ഐപിഎല്ലിൽ റൺ ചെയ്സിങ്ങിൽ ഏറ്റവുമധികം സെഞ്ചുറികൾ സ്വന്തമാക്കുന്ന താരം എന്ന റെക്കോഡും ബട്ലർ സ്വന്തമാക്കി. രണ്ടാമത് ബാറ്റ് ചെയ്ത് ബട്ലറുടെ മൂന്നാം സെഞ്ചുറിയാണ് മത്സരത്തിൽ പിറന്നത്.

വിരാട് കോലിയെ പിന്നിലാക്കിയാണ് ബട്ലർ ഈ റെക്കോർഡ് സൃഷ്ടിച്ചത്. ഇന്ത്യൻ പ്രീമിയർ ലീഗിൽ റൺചേസുകളിൽ ഏറ്റവുമധികം സെഞ്ചുറികൾ സ്വന്തമാക്കിയിരുന്ന താരങ്ങൾ കോലിയും സ്റ്റോക്സുമായിരുന്നു.

ഐപിഎല്ലിൽ ഏറ്റവുമധികം സെഞ്ചുറികൾ സ്വന്തമാക്കുന്ന വിദേശ താരം എന്ന റെക്കോർഡും ബട്ലർ പേരിൽ ചേർത്തു. ആറുസെഞ്ചുറികൾ നേടിയ ക്രിസ് ഗെയിലിനെയാണ് മറികടന്നത്. ഈ സെഞ്ചുറിയോടെ ഇന്ത്യൻ പ്രീമിയർ ലീഗിൽ ഏറ്റവുമധികം സെഞ്ചുറികൾ നേടിയ താരങ്ങളുടെ ലിസ്റ്റിൽ രണ്ടാം സ്ഥാനത്തെത്താനും ബട്ലർക്ക് സാധിച്ചിട്ടുണ്ട്. ഐപിഎല്ലിൽ എട്ടുസെഞ്ചുറികൾ സ്വന്തമാക്കിയ വിരാട് കോലി മാത്രമാണ് നിലവിൽ ബട്ലർക്ക് മുമ്പിൽ ഉള്ളത്.

റോവ്മാൻ പവലിന്റെ (13 പന്തിൽ 26) മിന്നലടികളും രാജസ്ഥാന്റെ വിജയത്തിൽ നിർണായകമായി.

# യുവതിക്കൊപ്പം ബൈക്കിലെത്തിയ യുവാവ് കല്ലടയാറ്റിൽ ചാടി മരിച്ചു

കുണ്ടറ: യുവതിക്കൊപ്പം ബൈക്കിൽ വന്ന യുവാവ് കല്ലടയാറ്റിൽ ചാടി മരിച്ചു. ഒപ്പം വന്ന യുവതി പാലത്തിൽ നിന്ന് നിലവിളിച്ച് ബഹളം വച്ച് ആളുകളെ കൂട്ടി യുവാവിനെ രക്ഷപ്പെടുത്താൻ ശ്രമിച്ചെങ്കിലും രക്ഷിക്കാനായില്ല. കഴിഞ്ഞ ദിവസം രാത്രി ഒമ്പതിനായിരുന്നുസംഭവം.നെടുമ്പന പഴങ്ങാലം മുരുകാലയം അമ്പലത്തിനുസമീപം കാഞ്ഞിരംവിള വീട്ടിൽ കുഞ്ഞുമോൻസ് കറിയാച്ചൻറെയും ഷൈനി കുഞ്ഞുമോൻറെയും മകൻ ഗ്രേയ്സൺ കുഞ്ഞുമോൻ (22) ആണ് മരിച്ചത്. യുവാവും യുവതിയും കുണ്ടറ ആശുപത്രി മുക്കിൽ പ്രവർത്തിക്കുന്ന സ്റ്റൗ വില്പന കേന്ദ്രത്തിലെ ജോലിക്കാരാണ്. യുവതിയെ അവശ നിലയിൽ താലൂക്ക് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. യുവതി രണ്ടു മക്കളുടെ അമ്മയാണ്. സംഭവത്തിന് പിന്നിലെ കാരണമെന്തെന്ന് വ്യക്തമായിട്ടില്ല. പോലീസ് കേസെടുത്തു അന്വേഷണം ആരംഭിച്ചിട്ടുണ്ട്. മൃതദേഹം പാരിപ്പള്ളി മെഡിക്കൽ കോളജ് ആശുപത്രിയിൽ പോസ്റ്റുമോർട്ടത്തിനുശേഷം ബന്ധുക്കൾക്ക് വിട്ടുകൊടുത്തു. സംസ്കാരം ഇന്ന് 12ന് കരിപ്ര കാരിക്കൽ സെമിത്തേരിയിൽ നടക്കും.

# ചെത്തിപ്പുഴ ആശുപത്രിയിൽ ലാപ്രോസ്കോപ്പിക് സർജറി സൗജന്യ ക്യാമ്പ് ആരംഭിച്ചു

ചങ്ങനാശേരി: ചെത്തിപ്പുഴ സെൻറ് തോമസ് ഹോസ്പിറ്റലിൽ ജനറൽ ആൻഡ് ലാപ്രോസ്കോപ്പിക് സർജറി ഡിപ്പാർട്ട്മെൻറിൻറെ നേതൃത്വത്തിൽ സൗജന്യ ശസ്ത്രക്രിയ നിർണയ ക്യാമ്പ് ആരംഭിച്ചു. കിളിമല എസ്എച്ച് പബ്ലിക് സ്കൂൾ പ്രിൻസിപ്പൽ ഫാ. തോമസ് പാറത്താനം ക്യാമ്പ് ഉദ്ഘാടനം ചെയ്തു.

ജനറൽ ആൻഡ് ലാപ്രോസ്കോപ്പിക് സർജറി വിഭാഗം മേധാവിയും ചീഫ് സർജനുമായ ഡോ. ജോർജ് മാത്യു കെ. , കൺസൾട്ടൻറ് ജനറൽ ആൻഡ് ലാപ്രോസ്കോപ്പിക് സർജൻ ഡോ. സുനിൽ മാത്യൂസ് ജോസഫ് എന്നിവർ ക്യാമ്പിന് നേതൃത്വം നൽകുന്നു.

ഹോസ്പിറ്റൽ എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജയിംസ് പി. കുന്നത്ത്, അസോസിയേറ്റ് ഡയറക്ടർമാരായ ഫാ. ജോഷി മുപ്പതിൽച്ചിറ, ഫാ. ജേക്കബ് അത്തിക്കളം, ഫാ. ജോസ് പുത്തൻചിറ, ഫാ. മാർട്ടിൻ തൈപ്പറമ്പിൽ, ഹോസ്പിറ്റൽ മെഡിക്കൽ സൂപ്രണ്ട് ഡോ. തോമസ് സഖറിയ, സിസ്റ്റർ ജെയ്ക്ലെയർ എഫ്സിസി എന്നിവർ പ്രസംഗിച്ചു. ഹെർണിയ, തൈറോയ്ഡ് മുഴകൾ, പിത്താശയ കല്ല്, ശരീരത്തിലെ വിവിധ ഭാഗങ്ങളിൽ ഉണ്ടാകുന്ന അസാധാരണ മുഴകൾ എന്നിവയുള്ളവർക്ക് ക്യാമ്പ് പ്രയോജനപ്പെടുത്താവുന്നതാണ്. ക്യാമ്പിൽ കൺസൾട്ടേഷൻ പൂർണമായും സൗജന്യമാണ്. കൂടാതെ ലാബ് സേവനങ്ങൾക്കും റേഡിയോളജി സേവനങ്ങൾക്കും 25ശതമാനം ഡിസ്കൗണ്ടും ക്യാമ്പിൽനിന്നു സർജറിക്കായി നിർദേശിക്കുന്ന രോഗികൾക്ക് പ്രത്യേക ഡിസ്കൗണ്ടും ഉണ്ടായിരിക്കും. ഫോൺ നമ്പർ: 0481272 2100.

# ശ്രീമൂലനഗരം മാർക്കറ്റ് പ്രവർത്തനക്ഷമമാക്കണം

വൈക്കം: വൈക്കം തോട്ടുവക്കത്ത് കെ. വി. കനാലിൻറെ ഓരത്തെ ശ്രീമൂലം മാർക്കറ്റ് പ്രവർത്തനക്ഷമമാക്കണമെന്ന ആവശ്യം ശക്തമായി. രാജഭരണ കാലത്ത് ആരംഭിച്ച ശ്രീമൂലം മാർക്കറ്റ് പതിറ്റാണ്ടുകളോളം വൈക്കത്തെ പ്രധാന വാണിജ്യ കേന്ദ്രമായിരുന്നു.

ജലമാർഗവും കരമാർഗവും സാധനസാമഗ്രികൾ ചന്തയിലെത്തിക്കാൻ കഴിയുന്ന ശ്രീമൂലം മാർക്കറ്റിൻറെ പോയകാല പ്രതാപം വീണ്ടെടുക്കാൻ നഗരസഭ പത്തു ലക്ഷം രൂപ വിനിയോഗിച്ചു ചന്തയിലെ കടമുറികൾ നവീകരിച്ചിരുന്നു. മത്സ്യവും മാംസവും പച്ചക്കറിയടക്കമുള്ള ഭക്ഷ്യവസ്തുക്കളും മറ്റ് കാർഷിക കാർഷികേതര ഉത്പന്നങ്ങൾ ലഭിക്കുന്ന ഇടമാക്കി ചന്തയെ മാറ്റുന്നതിനാണ് അധികൃതർ പദ്ധതി തയ്യാറാക്കിയത്.

ചന്തയിൽ ആറു സ്റ്റാളുകളാണുള്ളത്. എന്നാൽ, അഞ്ചുവർഷത്തിനിടയിൽ ചന്തയിലെ രണ്ടു സ്റ്റാളുകൾ മാത്രമാണ് കുറച്ചുകാലം പ്രവർത്തിച്ചത്. രണ്ടു സ്റ്റാളുകൾ വാടകയ്ക്ക് എടുത്തവർ പ്രവർത്തനം ആരംഭിച്ചില്ല.

നിലവിൽ മാംസവ്യാപാരം നടത്തുന്ന ഒരു സ്റ്റാൾ മാത്രമാണ് പ്രവർത്തിക്കുന്നത്. സാമ്പത്തിക പരാധീനത ഏറെയുള്ള നഗരസഭ വരുമാനമാർജിക്കാനാണ് ചന്തയിലെ സ്റ്റാളുകൾ നവീകരിച്ചത്. സ്റ്റാളുകൾ വ്യാപാരത്തിനു നൽകി ചന്തയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ അധികൃതർ നടപടി സ്വീകരിക്കണമെന്നാണ് നാട്ടുകാരുടെ ആവശ്യം.